965

വിശ്വസാഹിത്യ ഗ്രന്ഥാവലി No: 2.

C. V. SMARAKA ... GRANDHA...
THENN...ONAM
VENGA...

# ഭ്രാന്തന്റെ ഡയറി

ലിയോ ടോൾസ്ററായ്

പരിഭാഷ: എൻ. എ. കരീം. ബി. എ.

NATIONAL BOOK STALL

ഒന്നാം പതിപ്പ് കോപ്പി 1000.

അച്ചടി: ഡീവേഴ്സ് പ്രസ്സ്, എറണാകുളം.

പ്രസാധകന്മാർ: ഡീവേഴ്സ് പ്രസ്സ്, എറണാകുളം.

1954.

വില 8 അണ

965

# പ്രസ്താവന

ടോൾസ്റ്റോയിയുടെ സാഹിത്യസമുദ്രത്തിൽ നിന്നും അദ്ദേഹത്തിന്റെ സമ്പൂർണ്ണ പ്രാതിനിധ്യമുള്ള ഒരു കഥ തിരഞ്ഞെടുക്കാൻ ശ്രമിക്കുകയെന്നുള്ളതു് സാഹസമാണു്; മിക്കവാറും വിഡ്ഢിത്തമാണു്. എന്നാലും ആ വിഡ്ഢിത്തം തന്നെ ഞങ്ങൾ പ്രവത്തിക്കുന്നു. ഭ്രാന്തന്റെ ഡയറി എന്ന ഈ കൊച്ചുകഥയ്ക്കു മറ്റേതു ടോൾസ്റ്റോയിയൻ ചെറുകഥയെക്കാളും അദ്ദേഹത്തിന്റെ സാഹിത്യകലയെ പ്രതിനിധീകരിക്കാനാവും എന്നുള്ളതു് തീർച്ചയാണു്.

ഈ "കാളം" എന്നതിൻെറ പരിമിതി വായന ക്കാർ ഓത്തിരുന്നാൽ മതി — ഈ കഥ തിര ഞ്ഞെടുത്തു തർജ്ജിമചെയ്ത ശ്രീ. എൻ. എ. കരിമിനെ നിങ്ങഠംക്കഭിനന്ദിക്കാതിരിക്കാൻ കഴിക യില്ല.

കോട്ടയത്തുനിന്നും പുറപ്പെട്ടുകൊണ്ടിരുന്ന ഡി മോക്രാററു് വാരികയുടെ 1951 സെപ്ററംബർ 8-ാംനു- യിലെ ലക്കത്തിൽ ഞാൻ പ്രസിദ്ധീകരിച്ചി രുന്ന ലേഖനമാണു് ഇതിൽ ജീവചരിത്രപഠനമായി ചേത്തിരിക്കുന്നതു്. ടോഠംസ്റ്റോയിയുടെ കലാതത്വ വിചാരത്തെപ്പററി ഒരു ഖണ്ഡിക പുതിയതായി ചേത്തതല്ലാതെ വള്ളി പുള്ളി മാററിയിട്ടില്ല. ഈ ജീവചരിത്രപഠനവും തജ്ജിമചെയ്തു ചേരുവയ്ക്കാത്ത തല്ലെന്നും, സ്വന്തമായി വായിച്ചുണ്ടാക്കി എഴുതിയ താണെന്നുംക്രൂടി പ്രസ്താവിച്ചുകൊള്ളട്ടെ.

സക്കിഠംബുക്കു് ഹൗസ്,
എറണാകുളം
9—9—1954

പി. കെ. ബാലകൃഷ്ണൻ.

ജീവചരിത്രം

# ടോൾസ്റ്റോയി

**ടോൾസ്റ്റോയി**യുടെ ജീവിതത്തേയും സാഹിത്യത്തേയും സംബന്ധിച്ചുപന്യസിക്കുകയെന്നുള്ളതു് വിഷമകരമായ ഒരു ജോലിയാണ്. വിശ്വസാഹിത്യത്തിലെ ഏററവും വിശിഷ്ടവും പരിപൂർണ്ണവുമായ ആത്മകഥാംശങ്ങൾ കിടക്കുന്നതു് ടോൾസ്റ്റോയിയുടെ ആഖ്യായികകളിലാണെങ്കിലും ടോൾസ്റ്റോയിയുടെ ജീവിതകഥ അദ്ദേഹത്തിൻെറ സാഹിത്യത്തിന്മേൽ അധികമൊന്നും വെളിച്ചം വീശില്ല. അതുപോലെതന്നെ അദ്ദേഹത്തിൻെറ ഉഗ്രമായ ജീവിതപരാജയത്തിൻെറ നേരെ ഏററവും അധികം ആശ്ചര്യത്തോടെ കണ്ണും മിഴിച്ചു നിൽക്കുന്നതു് അദ്ദേഹത്തിൻെറ സാഹിത്യവുമായിരിക്കും. ഒരു വല്ലാത്ത പൊരുത്തക്കേടു് !!

ജീവിതത്തെക്കണ്ട അപൂർവ്വം സാഹിത്യകാരന്മാരിൽ ഒരാളാണു ടോൾസ്റ്റോയി. ഇന്നോളമുണ്ടാ

യിട്ടുള്ള സാഹിത്യകാരന്മാരെല്ലാവരും ജീവിതത്തെ കണ്ടവർതന്നെയാണ്. പക്ഷെ ഷേക്സ്പിയരും ടോൾസ്റ്റോയിയും മററും കണ്ട ജീവിതവും, ഇവയും തമ്മിൽ കാര്യമായ ചില വ്യത്യാസങ്ങൾ ഉണ്ടെന്നു മാത്രം. ജീവിതത്തെക്കാൾ സങ്കീർണ്ണമായി മററെന്തെങ്കിലുമുണ്ടെങ്കിൽ അതു ജീവിതം ഒന്നു മാത്രമാണ്. ധാരണയുടെ കൂടുതൽ കുറവനുസരിച്ചു അതിന്റെ അപാരതയും വർദ്ധിച്ചു വർദ്ധിച്ചു ജീവിതപഠിതാവിന്റെ മുമ്പിൽ എപ്പോഴും ശേഷിക്കുന്നതു ദുർഗ്രഹമായ ഒരപാരത മാത്രം. പ്രപഞ്ചത്തിന്റെ അപാരതയും തൽപദാർത്ഥത്തിന്റെ പരമാണുസൂക്ഷ്മതയും പോലെതന്നെ, ജീവിതത്തിന്റെയും ഈ മഹാസങ്കീർണ്ണതയ്ക്കാധാരം ശുഷ്കവും ഒരു പക്ഷെ സുന്ദരവുമായ വെറും ലാളിത്യമത്രേ. ജനിച്ചുജീവിച്ചു മരിച്ചൊടുങ്ങുന്നു. ജീവിക്കാൻ വേണ്ടി ഭക്ഷണമശിക്കുകയും ഭക്ഷണമശിക്കാൻ വേണ്ടി ജീവിക്കുകയും ചെയ്യുന്നു. പ്രേമത്തിന്റെ സൗരഭ്യലഹരിയിൽ ഭോഗത്തിന്റെ പടുകുഴികളിലേക്കു വഴുതിവീഴുകയും ആ വീഴ്ചയുടെ അനന്തരഫലത്തെച്ചൊല്ലി വീണ്ടും വീണ്ടും പ്രേമിക്കുകയും ചെയ്യുന്നു. ഇതു ജീവിതത്തിന്റെ പരമമായ ലാളിത്യമത്രെ. ഇങ്ങിനെ ദുർഗ്രഹമായ സങ്കീർണ്ണതയും, ഗ്രഹിക്കാനൊന്നുമില്ലാത്ത ലാളിത്യവും കൂടിയുള്ള ആ ഏകരൂപതയാണു സാക്ഷാൽ ജീവിതം. ഇത്രയും പറയുമ്പോൾ ഒരു

കാര്യം വ്യക്തമാവും. ഇന്നോളമുണ്ടായിട്ടുള്ള ഓരോ സാഹിത്യ മേധാവിയും ചിത്രീകരിച്ച ജീവിതം ഒരേ സമയത്തുതന്നെ അയഥാൎത്ഥവും യഥാൎത്ഥവുമാണെന്നുള്ളതാണതു്. താന്താങ്ങൾക്കു ഗ്രാഹ്യമായ ചില ഭാവങ്ങളേയും ഭാഗങ്ങളേയുംകൊണ്ടു തങ്ങളുടേതായ ഒരു ജീവിതം വരച്ചുണ്ടാക്കുകയാണു് അവരോരുത്തരും ചെയ്യുന്നതു്.

പരമാൎത്ഥമിതാണെന്നു വരുമ്പോൾ സാഹിത്യകാരന്റെ വില തിട്ടപ്പെടുത്താനിറങ്ങുന്നവർ ഒരു ചോദ്യം ചോദിക്കേണ്ടതുണ്ടു്. ഒരാൾ ജീവിതത്തെ എന്തുമാത്രം വിസ്തീൎണ്ണത്തിൽ കണ്ടു? പ്രത്യക്ഷത്തിൽ നിൎദ്ദോഷമെങ്കിലും ആപൽക്കരമായ ഒരു സമീപനരീതിയാണിതു്. അനേകായിരം സാഹിത്യപ്രമാണികന്മാർ പിൻനിരയിലേക്കു നടന്നു മാറി കൺമറയുന്നതായിക്കണ്ടു നാം അത്ഭുതപ്പെടേണ്ടിവരും. അങ്ങിനെ അവസാനം വിരൽകൊണ്ടെണ്ണാൻ മാത്രം ചിലർ ബാക്കി ശേഷിക്കുന്നു. ഹോമർ മുതലും വാല്മീകി വ്യാസാദികൾ മുതലും ഇങ്ങോട്ടുള്ള സമസ്ത സാഹിത്യനായക പരമ്പരകളെയും വെട്ടിച്ചുരുക്കി കുറയ്ക്കുക; ആകെയെണ്ണം ഒരു പന്ത്രണ്ടിനുമപ്പുറത്തേക്കു പോകാതെ കുറയ്ക്കുക. എന്നിട്ടും പന്തിയിൽത്തന്നെ പുറന്തള്ളപ്പെടാതെ ശേഷിക്കുന്ന സാഹിത്യ മഹാപ്രതിഭകളിൽ ഒന്നാണു കൗണ്ട് ലിയോ

ടോൾസ്റ്റോയ്. ഷേക്സ്പിയറെപ്പോലെ, ഹോമറേയും വ്യാസനേയും പോലെ, ജീവിതചിത്രീകരണത്തിനിറങ്ങി, ചിന്തയുടേയും ഭാവനയുടേയും സമുദ്രപ്രവാഹത്തിലൂടെ നീങ്ങി ജീവിതശകലത്തിനുപകരം ജീവലോകത്തെത്തന്നെ ഒന്നു സൃഷ്ടിച്ചുടങ്ങിയ ഒരു സാഹിത്യ സംഭവമാണദ്ദേഹം.

ഈ അവ്യക്തമായ പ്രസ്താവനയെ ഞാൻ ഒന്നുകൂടി വിശദമാക്കാൻ നോക്കാം. ഷേക്സ്പിയരുടെ കഥയെടുക്കുക. "എന്തിനെക്കുറിച്ചാണു് ഷേക്സ്പിയർ എഴുതിയതു്?" വിവേകമുള്ള ഒരാൾക്കു കൃത്യമായി ഉത്തരം പറയാനില്ലാത്ത ഒരു ചോദ്യമാണിതു്. വേണ്ട: മറിച്ചു ചോദിക്കുക. "എന്തിനേക്കുറിച്ചാണു ഷേക്സ്പിയർ എഴുതാതിരുന്നതു്?" ഇവിടെയും ഒരാൾക്കു മൗനം ദീക്ഷിക്കേണ്ടിവരും. അങ്ങിനെ ഉത്തരമില്ലാത്ത രണ്ടു ചോദ്യങ്ങൾക്കിടയിലാണു ഷേക്സ്പിയരുടെ സാഹിത്യസാമ്രാജ്യം പരന്നുകിടക്കുന്നതു്. ഏറെക്കുറെ അതുതന്നെയാണു ടോൾസ്റ്റോയിയുടെ കഥയും. ഒരു വ്യത്യാസം മാത്രമുണ്ടു്. എണ്ണമററ കൃതികളുടെ ആകത്തുകയിലാണു അനന്തവിസ്തൃതവും അത്ഭുതാവഹവുമായി ഷേക്സ്പിയർപ്രപഞ്ചം സ്ഥിതിചെയ്യുന്നതു. അതിനുപകരം, ടോൾസ്റ്റോയിയുടെ വിഖ്യാതമായ രണ്ടു ആഖ്യായികകളും കൊ

ച്ചുകൊച്ചു രണ്ടു സ്വയംപൂർണ്ണലോകങ്ങൾ തന്നെയാണെന്നുമാത്രം. ചരിത്രകാരന്മാർ ചരിത്രമെഴുതിയിട്ടുണ്ടു്; കവികൾ സൗന്ദര്യഗാനം പൊഴിഞ്ഞിട്ടുണ്ടു്. ശാസ്ത്രജ്ഞന്മാർ പദാർത്ഥവിജ്ഞാനീയം സംഭരിച്ചിട്ടുണ്ടു്. തത്വചിന്തകന്മാർ ജീവിതവ്യാഖ്യാനത്തിനു മുതിർന്നിട്ടുണ്ടു്. ഇവയൊക്കെയും,-ഒന്നിനൊന്നു വേർപെട്ട ഇവയൊക്കെയും-ജീവിതത്തിൻെറ ഘടകങ്ങൾ മാത്രമാണു്. ചുവപ്പും കറുപ്പും മഞ്ഞയും കൈക്കൂടിച്ചേർന്നു വെളിച്ചം എന്ന ആ അപ്രമേയത്വമായിത്തീരുന്നതു പോലെ, മേൽപ്പറഞ്ഞപോലുള്ള നൂറായിരം ഘടകങ്ങളുടെ ഏകസ്ഥതയിലുളവാകുന്ന ഒരു പ്രതീതിയാണ് സാക്ഷാൽ ജീവിതം. ആ ജീവിതത്തെയാണു "വാർ ആൻറു് പീസ്" "അന്നാകരെനിനാ" എന്ന ആഖ്യായികകളിൽ ടോൾസ്റ്റോയി ചിത്രീകരിച്ചതു്.

ലോകത്തിൻെറ നിലവാരത്തിൽ നിന്നല്ല ടോൾസ്റ്റോയി ലോകത്തെക്കണ്ടതു്. ഭാവനയുടേയും ബുദ്ധിയുടേയും പരമോന്നതമായ ഒരു മുകൾത്തട്ടിൽ സ്വസ്ഥമായി ഇരിപ്പുറപ്പിച്ചുകൊണ്ടു്, താനുൾപ്പെടുന്ന ലോകത്തിൻെറ ഗതിവിഗതികളെ നോക്കി അദ്ദേഹം ആനന്ദിക്കുകയും ഹസിക്കുകയും ശകാരിക്കുകയും ഒക്കെ ചെയ്തു. നെപ്പോളിയനും "മാർഷൽ കുത്തുസോവും" ജീവിക്കുന്നതിൻെറ സമീപം,

ടോൾസ്റ്റോയിയും അദ്ദേഹത്തിൻെറ പ്രേയസിയുമുണ്ടു. "ഡൊളോഹോവി" നെപ്പോലെയുള്ള ആഭാസസാഹസികന്മാരും, "ഹെലനെ" പോലെയുള്ള അഭിസാരത്തറവാടികളുമുണ്ട്. "ആൻഡ്റൂം ബ്ലോകൺസ്കി"യെപ്പോലുള്ള കനംകൂടിയ അഹംഭാവികളും "പിറെബുസൂകോവി" നെപ്പോലുള്ള പരിശുദ്ധമണ്ടന്മാരുമുണ്ട്. ഒരേ ലോകത്തിൽ, ഒരേ സംഭവങ്ങളുടെ ഒഴുക്കിൽ, ഒന്നു മറ്റൊന്നിന്മേൽ ആഘാതപ്രത്യാഘാതങ്ങളുളവാക്കി അവരെല്ലാം ജീവിലോകത്തിലേക്കാൾ സ്പഷ്ടമായി അവിടെ ജീവിക്കുകയാണ്. മാനുഷികമായ ജീവിതലാളിത്യത്തിൻെറ അധോതലത്തിൽ നിന്നും അവിടെ ചരിത്രം തലയെടുപ്പോടെ ഉയർന്നുപൊങ്ങുന്നു. ഉയർന്നുനിൽക്കുന്ന ചരിത്രസംഭവം ജീവിതത്തിൻെറ പരാഗമായി കൊഴിഞ്ഞു വീഴുകയും!! ഭീകരമായ ചരിത്രത്തിൻെറ ഗർജ്ജനത്തിലൂടെ സാഹസികമായ പ്രണയങ്ങൾ കിളിക്കുകയും, വികാരങ്ങളുടെ സമൂഹത്തിനിടയിൽ കൂടി എല്ലാം ചേൎന്ന് പ്രളയംപോലെ മുന്നോട്ട് കുതിക്കുകയുമാണ് ആ ആഖ്യായികകളിൽ. ഒടുവിൽ—ഈ എല്ലാത്തിനുമൊടുവിൽ—നെപ്പോളിയൻ സ്മരണ മാത്രമായി മാറി, യുദ്ധം ചരിത്ര പുസ്തകങ്ങളിലേക്കു നാടുനീങ്ങുകയും പ്രണയത്തിൻെറയും സാഹസികതയുടേയും, ആത്മസംഘട്ടനങ്ങളുടേയും ഞെട്ടിക്കുന്ന ശബ്ദങ്ങൾ നിൽക്കുകയും ചെയ്യു

മ്പോൾ തിക്കും തിരക്കും ബഹളവുമാന്ന ആ ലോകം പ്രശാന്തമായി തീരുമ്പോൾ അന്തരീക്ഷത്തിൽ ഭീകരമായ ഒരു വൈരാഗ്യം മാത്രം തങ്ങിനിൽക്കുമ്പോൾ, ടോൾസ്റ്റോയിയുടെ നടാഷ, ഹതചിത്തയായി സന്യസിച്ചില്ല. പിരെബുസുക്കോവു ആത്മഹത്യ ചെയ്തില്ല. പ്രിൻസസ്സ് മേരി ഒരഗതിമന്ദിരം പണിചെയ്ത് അതിൻെറ പ്രസിഡണ്ടായില്ല. ആൻഡ്റു ബ്ലോങ്കൺസ്കിയുടെ ഒരു വിഗ്രഹം വച്ചു ആരും ആരാധിച്ചില്ല. അവരെല്ലാം ജീവിതത്തിൻെറ ശാശ്വതമായ ആ റെയിൽപ്പാളയത്തിലൂടെ മുമ്പോട്ടുനീങ്ങി. സുഖകരവും സംതൃപ്തവുമായ ജീവിതം! പരാതിപ്പെടാൻവേണ്ടും, പ്രശംസിക്കാൻവേണ്ടും, ജീവിതത്തെക്കുറിച്ചു ബോധവാന്മാരല്ലാതെയുള്ള ആ സാധാരണ ജീവിതം!! അതുകാണുമ്പോൾ ഒരായിരം കഥാനായകന്മാർ മരിച്ചതിലേറെ ശൂന്യമായ ഒരു ദുരന്ത്യപ്രതീതിയാണു് നമുക്കുണ്ടാകുന്നതു്.

ഒരു ചോദ്യവും നമ്മുടെ മുമ്പിൽ ഉയരുന്നു. ജീവിതത്തിൻെറ വിക്ഷോഭകരമായ "ട്രാജഡി"കളെക്കാളും വഴക്കുന്ന ഒരു "ട്രാജഡി"യാണോ നമ്മുടെ സാമാന്യമായ നിത്യജീവിതം?

നടാഷയെക്കാൾ മധുരമായ ഒരു സ്ത്രീസ്വഭാവം സാഹിത്യത്തിൻെറ ലോകത്തിൽ കുറവാണു്. കാലുകളും, നാക്കും സദാ ചലിച്ചുകൊണ്ടിരിക്കുന്ന

ആ കൊച്ചുദേവതയെക്കാണുമ്പോൾ, നാം ഏതു പ്രകാരത്തിലുള്ളവരായാലും ശരി, ഒരു പിതാവിനെപ്പോലെ നാം അവളുടെ ഗതിവിഗതികളിൽ ആകാംക്ഷയുള്ളവരായിത്തീരുന്നു. വെറുതേ ഒന്നു അഭിലഷിക്കാൻപോലും നമുക്കു ധൈര്യം തോന്നാത്തത്ര സ്വച്ഛമായ സൗന്ദര്യശകലമാണവൾ. പക്ഷേ അവസാനം, അതേ നടാഷ, കുഞ്ഞിനു മുലയുംകൊടുത്തു ഭർത്താവിനോടു "ഉപ്പു മുളകിൻെറ" ദൂഷ്യവും പറഞ്ഞു സുഖമായി ജീവിക്കുന്നതു കാണുമ്പോൾ നമുക്കു വേദാന്തത്തിൻെറ മൂർദ്ധന്യത്തിലുള്ള ഒരു ഹാസമാണനുഭവപ്പെടുന്നത്. കുട്ടക്കരച്ചിലുകൾക്കു തീപ്പിടിക്കുമ്പോഴുണ്ടാവുന്ന ആ ചിരി.

അതു് "വാർ ആൻറ് പീസ്"ൻെറ കാര്യമാണ്. അന്നാകരെനിനായുടെ പശ്ചാത്തലം ഭിന്നമാണെങ്കിലും അതിൻെറയും പദാർത്ഥങ്ങൾ ഒന്നു തന്നെ. അവിടെയും സമഗ്രമായ ഒരു ജീവലോകത്തെത്തന്നെയാണ് നമ്മുടെ മുമ്പിൽ പ്രദർശിപ്പിച്ചിട്ടുള്ളതു്. ഈ ആഖ്യായികകളുടെ ഒരാസ്വാദനത്തിനു മുതിരുന്നില്ല. ടോൾസ്റ്റോയിയുടെ ജീവിതകഥയും, സാഹിത്യലോകവും തമ്മിലുള്ള വൈരുദ്ധ്യം മനസ്സിലാക്കാൻ പോരുന്ന അതിപ്രധാനമായ ഒരു മർമ്മമുണ്ടു്. അന്നാകരെനനിയായിൽ "ലെവിൻ" എന്ന കഥാപാത്രം. വിശ്വസാഹിത്യത്തിലെ

ഏററവും മികച്ച സ്വയം ചിത്രവുമാണതു്. ചിന്തയുടെ അപാരതകൊണ്ടു് നിരന്തരസംശയത്തിലും മണ്ടത്തരത്തിലും കഴിയുന്ന, അഹംഭാവിയായ ആ അപകർഷബോധക്കാരൻ സാഹിത്യത്തിൽ ഒരു പ്രത്യേകതയാണു്. ഏററവുമധികം സ്നേഹിക്കാൻ ശ്രമിച്ച ഏററവുമധികം സംശയാലുവായിത്തീരുകയും, ഏററവുമധികം ആലോചിച്ച ഏററവും അത്ഥശൂന്യതചെയ്ത സ്വയം ചൂളുകയും ചെയ്യുന്ന ആ യുവാവിനെ പിൽകാലത്തെ "ആദ്ധ്യാത്മം" ബാധിച്ച ടോൾസ്റ്റോയിയെ വിളംബരം ചെയ്യുന്ന ഒരു പ്രവാചകൻ കൂടിയായിക്കണക്കാക്കാം. ടോൾസ്റ്റോയിയുടെ സ്വഭാവപഠനത്തിനു തുനിയുന്നവക്കുള്ള ഏററവും ചെറിയ കുറുക്കുവഴി ഈ കഥാപാത്രവുമായി പരിചയപ്പെടുകയെന്നുള്ളതാണു്.

ടോൾസ്റ്റോയിയുടെ സാഹിത്യത്തെ വിലയിരുത്തി ഗ്രഹിക്കാൻ മിനക്കെടുന്നവർക്കു നേരിടേണ്ടിവരുന്ന ഒരു മഹാവൈഷമ്യത്തെക്കൂടി ചൂണ്ടിക്കാണിക്കേണ്ടതുണ്ടു്. ടോൾസ്റ്റോയിയുടെ ജീവിതവും സാഹിത്യവും തമ്മിലുള്ള പ്രതിഭിന്നഭാവംപോലെ തന്നെ അദ്ദേഹത്തിൻെറ സാഹിത്യത്തിൻെറതന്നെ രണ്ടുഘട്ടങ്ങൾ തമ്മിലുമുണ്ടു് ഒട്ടുങ്ങാത്ത ഒരസഹിഷ്ണുതാകാരിത്വം. ടോൾസ്റ്റോയിയൻ സാഹിത്യത്തെ പരപ്പിൽ പരിചയപ്പെടുന്ന ഒരാൾക്കു ടോൾസ്റ്റോ

യിമാർ രണ്ടുണ്ടെന്നു തോന്നും. അദ്ദേഹത്തിൻെറ അവസാനഘട്ടങ്ങളിലെ മിക്ക കൃതികളും ഹിതോപദേശ കഥകളും എല്ലാത്തിനുമുപരിയായി കലാവിമർശപരമായ അദ്ദേഹത്തിൻെറ പ്രബന്ധങ്ങളും "വാർ ആൻറ് പീസി" ൻെറയും "അന്നാകരെനിനാ"യുടെയും കർത്താവിൻെറ വികസ്വരരൂപമാണെന്നു നമുക്കൊരിക്കലും വിശ്വസിക്കാൻ സാധിക്കയില്ല. അവയുടെ വലുപ്പച്ചെറുപ്പത്തെക്കുറിച്ചല്ല ഞാൻ വിവക്ഷിക്കുന്നതു്. പക്ഷെ ടോൾസ്റ്റോയിയുടെ ഹിതോപദേശകഥകൾ എഴുതുന്നതിന്നു "വാർ ആൻറ് പീസി" ൻെറ കർത്താവിൻെറ ആവശ്യമില്ല. അതുപോലെതന്നെ "What is Art?" (എന്താണു കല?) എന്ന ടോൾസ്റ്റോയിയുടെ കലാതത്വഗ്രന്ഥത്തിന്റെ അടിസ്ഥാനത്തിൽ കലാസൃഷ്ടി ചെയ്യുന്നാ യാതൊരാൾക്കും ഒരു"വാർ ആൻറ് പീസ്" എഴുതാൻ സാദ്ധ്യവുമല്ല. പക്ഷെ സാഹിത്യകാരനായ ടോൾസ്റ്റോയിയെപ്പോലെതന്നെ ഗണനീയനാണു അദ്ദേഹമാകുന്ന കലാതത്വവേദിയും. ഇവരെ തമ്മിൽതമ്മിൽവച്ചു വിലയിരുത്തുന്നതുമാത്രം സൂക്ഷിച്ചുവേണ്ടി വരും. "എന്താണു കല?" എന്ന ശീർഷകത്തിൽ ടോൾസ്റ്റോയിയുടെ ഒരുപന്യാസസമാഹാരമുണ്ടെന്നു കേൾക്കുമ്പോൾ നാം അതു വായിക്കാൻ പുറപ്പെട്ടനാതു ബൃഹത്തായ ടോൾസ്റ്റോയിയൻ സാഹിത്യത്തിന്റെ തത്വാവലംബരണവും സ്വയം

വിശകലനവും കേഠംക്കുന്നതിനായിരിക്കും. പക്ഷെ കേഠംക്കുന്നതോ? മററേതോ ഒരു മേഖലയിലേക്കു വഴുതിപ്പോയ ഹിതോപദേശകനായ ടോഠംസ്റ്റോയിയുടെ സാഹിത്യ മത – പ്രബോധനങ്ങളുമായിരിക്കും. എന്നാലും ഒരു ടോഠംസ്റ്റോയിക്കു മാത്രം സാധിക്കുന്ന രീതിയിൽ സമസ്തകലകളുടേയും പൊതുവായ കേവലാടിസ്ഥാനത്തിൽ നിന്നുകൊണ്ടു ഇന്നോളമുള്ള എല്ലാ കലാസിദ്ധാന്തങ്ങളേയും നിഷേധിച്ചു ധിക്കരിച്ചു സ്വമതസ്ഥാപനം ചെയ്യുന്ന ഒരു മഹാ ബുദ്ധിസാഹസമാണു ആ ഗ്രന്ഥം. തന്റെ സിദ്ധാന്തത്തിന്റെ മുമ്പിൽ വിലങ്ങനെ വരുന്നതു റാഫേലിന്റെ ചിത്രവും ബീഥോവന്റെ "സിംഫണി" യുമാണെങ്കിൽപോലും പുല്ലു കൂസാതെ ടോഠംസ്റ്റോയി അതു തട്ടിക്കളയുന്നതു കണ്ടാൽ നമുക്കല്ലാം ഒരു ഭയംതന്നെ തോന്നും.

ടോഠംസ്റ്റോയിയുടെ സാഹിത്യത്തെക്കുറിച്ചു പ്രതിപാദിക്കാൻ ഇതിനപ്പുറം തുനിയുന്നതു് തൽക്കാലം സാഹസമായിരിക്കും. ഇനി അദ്ദേഹത്തിന്റെ ജീവചരിത്രത്തിലേക്കുകൂടി നമുക്കൊന്നു കണ്ണോടിക്കാം. സാഹിത്യത്തിന്റെ പ്രചോദനകേന്ദ്രം കണ്ടെത്താനല്ല. സാഹിത്യവിസ്തൃതിയെ വിശദീകരിക്കുവാനുമല്ല. എന്നാലും ടോഠംസ്റ്റോയിയൻ ആഖ്യായികപോലെ പരപ്പും ആകർഷകത്തവും ആ ജീവിതത്തിനുണ്ടു്.

റഷ്യയിലെ പ്രബലമായ ഒരു പ്രഭുകുടുംബത്തിലാണു് ടോൾസ്റ്റോയി ജനിച്ചതു്. ജനതയിൽനിന്നും ഒററപ്പെട്ട ആ സാഹചര്യത്തിൽതന്നെയാണദ്ദേഹം വളൎന്നതും വിദ്യാഭ്യാസം ചെയ്തതും. അച്ഛൻെറയും അമ്മയുടേയും പ്രഭുത്വം ആഢ്യമൊക്കെ അദ്ദേഹത്തിൻെറ രക്തത്തിൽ വല്ലാതെ പതഞ്ഞുകൊണ്ടിരുന്നു. സഹപാഠികളുമായുള്ള സമ്പൎക്കത്തെ അദ്ദേഹം വെറുത്തു. വിരസതകൊണ്ടല്ല, അവർ തന്നെക്കാൾ തരംതാഴ്ന്നവരാണെന്നുള്ള ധാരണകൊണ്ടു്. പഠനത്തിൽ കാൎയ്യമായ പ്രതിപത്തിയൊന്നുമില്ലാതിരുന്ന ആ പ്രഭുകുമാരൻ ഒന്നുമേതുമാക്കാതെ വിദ്യാഭ്യാസം മതിയാക്കുകയാണുണ്ടായതു്. അതിനു ശേഷം അദ്ദേഹം സൈന്യത്തിൽ ചേൎന്നു. ആദ്യം കോക്കസസ്സിലും പിന്നീടു ക്രീമിയൻയുദ്ധത്തിലും അദ്ദേഹം സേവനം ചെയ്തിട്ടുണ്ടു്.

അക്കാലത്തു ടോൾസ്റ്റോയി ജീവിതത്തെ ആസ്വദിക്കാൻതുടങ്ങി. പൂരെ കുടിയും "ചന്നിമറി"യും ഒഴിഞ്ഞാൽ പിന്നെ പെണ്ണുങ്ങളുള്ള സദസ്സിൻെറ നടുക്കായിരിക്കും അദ്ദേഹത്തെ കാണുക. ഇതിലൊരു ഫലിതമുണ്ടു്: സ്വന്തം വൈരൂപ്യത്തെകുറിച്ചു വ്യാകുലനായിരുന്നു ആ കൊച്ചു പ്രഭു.

"ഞാൻ സുമുഖനല്ലെന്നു എനിക്കു് നല്ലപോലെ അറിയാമായിരുന്നു. ഏതെങ്കിലും അത്ഭുത

കൃത്യം വഴി എനിക്കു് ഭംഗിയുള്ള ഒരുമുഖം ഉണ്ടാക്കിത്തരണേ എന്നു നിരാശയുടെ കൊടുമ്പിരിയിൽ ഞാൻ ഈശ്വരനോടു പ്രാൎത്ഥിച്ച പ്രത്യേക ഘട്ടങ്ങളുണ്ടു്. അങ്ങിനെ അദ്ദേഹം ചെയ്യുകയാണെങ്കിൽ ഇന്നു് എനിക്കുള്ള സർവവും ഉണ്ടാകാവുന്നതുമുഴുവനും അദ്ദേഹത്തിനു സമർപ്പണം ചെയ്യുവാൻ ഞാൻ നേർന്നു." അദ്ദേഹം അക്കാലത്തെക്കുറിച്ചു രേഖപ്പെടുത്തിയിരിക്കയാണു്. ഏതായാലും ദുർമുഖനാണെന്ന ബോധം ടോൾസ്റ്റോയിയുടെ വികാരത്തിൻെറ തീവ്രതയെ തണുപ്പിച്ചില്ല. സിഫിലിസുപിടിച്ചു വേദനിച്ചു കൊണ്ടുപോലും അദ്ദേഹം അഭിസരണത്തിനു അർച്ചനങ്ങൾ നടത്തി.

ഏതാണ്ടിക്കാലത്തുതന്നെ തൻെറ ബാല്യകാലാനുഭവങ്ങളെകുറിച്ചു കഥകളും ലേഖനങ്ങളും എഴുതി അദ്ദേഹം പ്രസിദ്ധപ്പെടുത്തികൊണ്ടിരുന്നു. അവയുടെ തീവ്രതരമായ പുതുമ സാഹിത്യലോകത്തിൻെറ ശ്രദ്ധയെ ആകർഷിച്ചു. പല സാഹിത്യകാരന്മാരും ആ യുവാവിൻെറ സൌഹാർദ്ദത്തെ കാംക്ഷിച്ചുവെങ്കിലും ആരെയും വെറുപ്പിക്കുന്നതിൽ നിസ്സർഗ്ഗ വാസനയുണ്ടായിരുന്ന അദ്ദേഹം ആരുമായി അടുത്തില്ല. സ്വന്തം ആത്മാൎത്ഥതയിൽ അമിതമായി വിശ്വസിക്കുവാൻ അദ്ദേഹത്തിനു മററുള്ളവരുടെ മനസ്സാക്ഷികളെ മായ്ച്ചു കളയേണ്ടി

വന്നു. എന്നുതന്നെയുമല്ല, ആരുടെ മുഖത്തുനോക്കിയും തോന്നിയ ധിക്കാരങ്ങൾ പറയാൻ ഒരു ക്ലേശവുമുണ്ടായിരുന്നില്ല അദ്ദേഹത്തിന്. പറയാൻ വിട്ടതെന്തെങ്കിലുമുണ്ടെങ്കിൽ അതു് അകാരണമായി തുളച്ചുകയറുന്ന അദ്ദേഹത്തിൻെറ നോട്ടം പ്രഖ്യാപിക്കുമായിരുന്നു. അസഹിഷ്ണുതകൊണ്ടു് പ്രജ്ഞപോലും നശിക്കുന്ന അദ്ദേഹം തൻെറ നിരൂപകന്മാരെ ദ്വന്ദയുദ്ധത്തിനു ക്ഷണിച്ച ഘട്ടങ്ങളും ചുരുക്കമല്ല.

സാമൂഹ്യ പരിഷ്കാരഭ്രമം നാട്ടിലാകമാനം ഓളം തല്ലിയിരുന്ന കാലമായിരുന്നു അന്നു്. പല പ്രഭുക്കന്മാരെയും പോലെ ടോൾസ്റ്റോയിയും തൻെറ കുടിയാന്മാരെ സ്വതന്ത്രരാക്കുവാൻ തീരുമാനിച്ചു. പക്ഷേ, ടോൾസ്റ്റോയി സ്വാതന്ത്ര്യം പ്രഖ്യാപിച്ചപ്പോൾ കൃഷിക്കാർ ഭയപ്പെട്ടു പിൻമാറുകയാണുണ്ടായതു്. മുൻകാലത്തെ അനുഭവത്തിൻെറ കയ്പുകൊണ്ടു അവർ വിചാരിച്ചതു് എന്തോ കെണിയും പണിതാണു് യജമാനൻ ഈ പുതിയ സന്നാഹത്തിനു ഇറങ്ങിയിരിക്കുന്നതെന്നാണു്. ഏതായാലും ടോൾസ്റ്റോയി അവരെ അഭ്യുദ്ധരിക്കാൻ തന്നെ ഉറച്ചു. ഒരു പള്ളിക്കൂടമുണ്ടാക്കി കൃഷിക്കാരുടെ മക്കളെ അക്ഷരാഭ്യാസം ചെയ്യിച്ചുകൊണ്ടു അദ്ദേഹം എസ്റ്റേററിൽ താമസമാക്കി. ആ ലോകസേവയ്ക്കിടയിൽ അദ്ദേഹത്തിനു് ഒരു ജാരസന്താനവുമുണ്ടാ

യി. ഒരു കൃഷിക്കാരൻെറ ഭാൎയ്യയുമായി അദ്ദേഹം സ്ഥിരം ഏൎപ്പാടുകളിൽ പെട്ടുണ്ടായ ഈ സ്വന്തം രക്തബീജം പിൽക്കാലത്തു ടോൾസ്റ്റോയിയുടെ സ്വന്തം മക്കളുടെ കുതിരക്കാരനായിരുന്നു. ഇതിൽ മഹൎഷിയായതിനു മുമ്പോ പിമ്പോ അദ്ദേഹം വ്യാകുലപ്പെട്ടതായി യാതൊരറിവുമില്ല.

ലോകോദ്ധാരണശ്രമവും വേഗം മടുത്ത ടോൾസ്റ്റോയി മററു തുറകൾ തിരക്കുകയായി. മുപ്പത്തിനാലു വയസ്സായിരുന്ന അദ്ദേഹം ഒരു മോസ്കോ ഡാക്ടരുടെ പതിനെട്ടുകാരിയായ മകളെ കല്യാണം കഴിച്ചു. ചുണ്ടിൽ സമുദായ പരിഷ്ക്കാരഭാഷണങ്ങളും വയററിൽ മദ്യവും തലയിൽ അഭിസാര ചിന്തകളുമായി കുതിരസ്സവാരിയും നായാട്ടുമായി ജീവിച്ചിരുന്ന ഒരു റഷ്യൻ പ്രഭുവെന്നതിൽ വിഭിന്നമായി അന്നൊന്നും ടോൾസ്റ്റോയിയിൽ യാതൊന്നും ദൃശ്യമായിരുന്നില്ല. പക്ഷെ അദ്ദേഹം ആ കാലഘട്ടത്തിൽ രണ്ടു് ആഖ്യായികകൾ എഴുതി. "അന്നാ കരെനിനായും, വാർ ആൻറു് പീസും."

ടോൾസ്റ്റോയിയുടെ വിവാഹജീവിതം നാടകീയമായ ഒരു കെട്ടുകഥ പോലെയാണു്. അതിനെക്കുറിച്ചു പുസ്തകങ്ങൾതന്നെ പലതുണ്ടു്. സുന്ദരിയും സമൎത്ഥയുമായ ഒരു യുവതിയായിരുന്നു സോണ്യ ടോൾസ്റ്റോയ്. ഭാൎയ്യയുമായുള്ള മാദകജീവിതത്തി

ന്റെ ലഹരിയിൽ ഇനി അവർക്കപ്പുറം തനിക്കൊരു പ്രേമജീവിതമില്ലെന്നു സ്വയം വിശ്വസിച്ച ടോൾസ്റ്റോയി തന്റെ അന്നുവരെയുള്ള കറുത്ത ഡയറിക്കുറിപ്പുകൾ ഭാര്യയെ കാണിച്ചു മാപ്പപേക്ഷിച്ചു. അവർ മാപ്പുംകൊടുത്തു. പക്ഷെ അവരതു മറന്നില്ല പിൽക്കാലത്തു ഭർത്താവുമായി ഉരച്ചിലുണ്ടായ സന്ദർഭങ്ങളിലെല്ലാം പണ്ടത്തെ ഡയറിയുടെ കർത്താവിന്റെ കൈ ആ വക്കാണത്തിൽ കണ്ടെത്തുകയും തദനുസരണമായി പ്രതിരോധനിലകൾ സ്വീകരിക്കുകയും ചെയ്തു. ടോൾസ്റ്റോയിയുടെ സാഹിത്യസംരംഭത്തിന്റെ ഏററവും വലിയ താങ്ങും തണലുമായിരുന്നു ഭാര്യ. "വാർ ആൻറ് പീസ്" അവർ മൂന്നാവർത്തി പകർത്തി എഴുതിയിട്ടുണ്ടത്രെ!. പക്ഷെ അതിനപ്പുറം ദയനീയമായ ഒരു പരാജയമായിരുന്നു അവരുടെ ദാമ്പത്യജീവിതം.

അൻപതാമത്തെ വയസ്സിലാണ് ടോൾസ്റ്റോയിക്ക് ആദ്ധ്യാത്മികത്വം ആരംഭിക്കുന്നത്. അദ്ദേഹം തത്വചിന്തയുടെ അപാരതയിൽ ചിന്തയെ വ്യാപരിപ്പിക്കാൻ തുടങ്ങി. അൽഭുതാവഹമായ ജീവിതപരിജ്ഞാനവും അനന്ന്യസാധാരണമായ ചിന്താശക്തിയും അദ്ദേഹത്തെ കൊണ്ടെത്തിച്ചതു് മനോഹരവും ശുദ്ധവുമായ ഒരു പരിഹാസ്യതയിലായിരുന്നു. അതാണു ടോൾസ്റ്റോയിയൻ ജീവിതക്രമം. തത്വചിന്തയുടെ ലോകത്തിൽ ഇതിന്റെ ആഘാതം

എന്തായിരുന്നാലും ശരി കുടുംബത്തിൽ ഇതു കുഴപ്പങ്ങളുണ്ടാക്കി. ലോകത്തിലെ ഒന്നാംകിട പ്രതിഭാശാലിയായ ആ സാഹിത്യകാരൻ എഴുത്തിനു പകരം ചെരിപ്പുണ്ടാക്കാനും മരം വെട്ടാനും മററും തുടങ്ങി. പരുഷമായ ലളിതജീവിതവും അദ്ദേഹം നയിച്ചു. യന്ത്രവിരോധം മൂലം ഗാന്ധിക്കു സ്പെഷ്യൽ തീവണ്ടി വേണ്ടിവന്നതുപോലെ ഈ ലളിതജീവിതം വളരെ പണനഷ്ടമുണ്ടാക്കി. നാലു ചെരിപ്പു വാങ്ങുന്നതിലും കൂടുതൽ കാശു മുടക്കിയാലും ടോൾസ്റ്റോയിക്കു കാലിലിടാൻ കൊള്ളാവുന്ന ഒരു ചെരിപ്പുണ്ടാക്കാൻ പററുമായിരുന്നില്ല. അക്ഷന്തവ്യമായ ഈ പൊട്ടത്തരത്തെ ഭാൎയ്യ പ്രതിഷേധിക്കുകയും ഭാൎയ്യയും ഭൎത്താവും തമ്മിൽ തീരാത്ത തമ്മിത്തല്ലാവുകയും ചെയ്തു. അതിനെ പിരിമുറുക്കാൻ സോണ്യ ടോൾസ്റ്റോയിക്കു വയസ്സുകാലത്തു് ഒരു പ്രണയവും പിടികൂടി. ഒരു സംഗീതക്കാരൻ യുവാവുമായി അവർ അടുപ്പത്തിലായിരുന്നു. ആദ്യമൊക്കെ യുവാവു് അവരെ വേണ്ടതു തൃപ്തിപ്പെടുത്തുമായിരുന്നെങ്കിലും, ഒടുവിൽ വാർദ്ധക്യത്തിൻെറ പ്രണയവികടത്തം പിരിമുറുകിയപ്പോൾ യുവാവു തടിയുംകൊണ്ടു് പമ്പ കടന്നു. താൻ നാടുവിട്ടുപോകുമെന്നും ആത്മഹത്യ ചെയ്യുമെന്നും ടോൾസ്റ്റോയി പലകുറി ഭീഷണിപ്പെടുത്തുകയുണ്ടായെങ്കിലും കമിതാവിനെ അനുയാത്രചെയ്തു പിടികിട്ടില്ലെന്നു നല്ല

ഉറപ്പു വന്നതിനുശേഷമേ സോണ്യാ ടോൾസ്റ്റോയി തിരിച്ചു വന്നുള്ളൂ.

ഇക്കാലത്തു ടോൾസ്റ്റോയി ലോകപ്രസിദ്ധി ആർജ്ജിച്ചുകഴിഞ്ഞിരുന്നു. ആ സാഹിത്യപ്രശസ്തിയുടെ ചിലവിൽ അദ്ദേഹത്തിന്റെ സിദ്ധാന്തത്തെ പുകഴ്ത്താനും അനുസരിക്കാനും പോന്ന നിരവധി ശിഷ്യന്മാരുമുണ്ടായി. സിദ്ധാന്തകാരികളോടു പ്രത്യേകം മമത കാണിച്ചിരുന്നതുകൊണ്ടു അദ്ദേഹത്തിന്റെ പരിചയം കാംക്ഷിച്ചവരൊക്കെ ശിഷ്യത്വത്തിന്റെ പുറംകുപ്പായം അണിഞ്ഞുകഴിഞ്ഞു. ഇതോടെ തനിക്കു വ്യാവർത്തനാവാൻ സാധിക്കാത്തവണ്ണം ടോൾസ്റ്റോയി സ്വസിദ്ധാന്തത്തിന്റെ വലയത്തിൽ കുടുങ്ങി. സ്വത്തുക്കൾ വീതിക്കണമെന്നു ശിഷ്യന്മാർ ശഠിച്ചു. പക്ഷെ ഭാര്യയും മക്കളും അതിനെ എതിർത്തു. ഈ സംഘട്ടനത്തിന്റെ നടുവിൽ നിസ്സഹായനായ ടോൾസ്റ്റോയി തന്റെ നിലയെ വിശദീകരിക്കാൻ മുടന്തുകാൽ ചവുട്ടാൻ തുടങ്ങി. എന്തു വീതിക്കുന്നതിനും തനിക്കു വിരോധമില്ലെന്നും പക്ഷേ ഇക്കാര്യത്തിൽ തന്റെ മക്കളും ഭാര്യയും വേദനപ്പെടുന്നതുകൊണ്ടു് ആർക്കും വേദനയുണ്ടാക്കരുതെന്ന തത്വമനുസരിച്ചു തനിക്കു ഇതിനു നിവൃത്തിയില്ലെന്നുമൊക്കെ പറഞ്ഞെങ്കിലും സ്വമനസ്സിന്റെ തന്റെതന്നെ കുററപ്പെടുത്തലിൽ അദ്ദേഹം നീറിക്കൊണ്ടിരുന്നു.

ഇങ്ങിനെയുള്ള ടോൾസ്റ്റോയിയുടെ ജീവിതം കേവലം ഒരു കുടുംബപ്പിണക്കത്തിന്റെ കഥയാണ്. ഭാൎയ്യയുടേയും മററു സുഹൃത്തുക്കളിലാരുടെയെങ്കിലും പ്രേരണപ്രകാരം സാഹിത്യപരമായി വല്ലതും എഴുതുകയുണ്ടായിട്ടുണ്ടെങ്കിലും ആ സാഹിത്യസംരംഭങ്ങളിലൊക്കെ പ്രാധാന്യം ജീവിതചരിത്രപരമായി നോക്കുമ്പോൾ ഈ കുടുംബച്ഛിദ്രത്തിനാണ്.

ശിഷ്യഗണങ്ങളുടെ നിർദ്ദേശപ്രകാരം തനിക്കു തന്റെ പുസ്തകങ്ങളിന്മേൽ യാതൊരവകാശവുമില്ലെന്നും ആൎക്കും അതച്ചടിക്കാമെന്നും ടോൾസ്റ്റോയി പരസ്യംചെയ്തു. ഭാൎയ്യയുടെ പേർക്കായിരുന്നു മിക്കപുസ്തകങ്ങളുടേയും പകർപ്പവകാശം. ഏതാനും പ്രസാധകന്മാർക്കു കുറെ പണം വെറുതെ കൊടുക്കുന്നതുപോലുള്ള ഈ ലോകോദ്ധാരണം ഭാൎയ്യ ശക്തിയായി എതിൎത്തു. ഭാൎയ്യയും ഭർത്താവുമായി തീരാത്ത വക്കാണമായി. ദ്വേഷ്യം സഹിക്കാതെ ഭാൎയ്യയും ഭൎത്താവും മനഃപ്പൂൎവ്വം അന്യോന്യം വ്രണപ്പെടുത്തിക്കൊണ്ടിരുന്നു. രണ്ടാളും ഡയറി സൂക്ഷിക്കും. ഈ ഡയറിക്കുറിപ്പുകൾ അന്യോന്യം കാണിക്കണമെന്നാണ് ശത്രുക്കൾ തമ്മിലുള്ള വ്യവസ്ഥ. ഡയറിയിൽ ഒരാൾ കുറെ ശകാരങ്ങളും എഴുതും. അതു വായിക്കുന്ന മറേറാരാൾ ദ്വേഷ്യം സഹിക്കാതെ തന്റെ ദ്വേഷ്യവും തെറിയും ഡയറിയിൽ പകൎത്തും.

അങ്ങിനെ ഭീകരമായ ഒരു യാതന വിലയ്ക്കു വാങ്ങിയിട്ടെന്നപോലെ അവർ അനുഭവിച്ചുവന്നു. ഇതിൽ ഏററവും ദയനീയമായിട്ടുള്ള വശമെന്താണെന്നു വച്ചാൽ ഭാര്യയും ഭർത്താവും അന്യോന്യം ഹൃദയംഗമമായി സ്നേഹിച്ചുവെന്നുള്ളതാണ്. സോണ്യാ ടോൾസ്റ്റോയി ആത്മഹത്യ ചെയ്തേക്കുമെന്നുള്ളതു് ടോൾസ്റ്റോയിയുടെ ഒഴിയാത്ത വ്യാകുലതയായിരുന്നു.

ഒടുവിൽ എല്ലാം അതിൻെറ പരിസമാപ്തിയിലേക്കു നീങ്ങി. ടോൾസ്റ്റോയി സുഖമില്ലാതെ കിടപ്പായിരുന്നു. തൻെറ പ്രൈവററു മുറിയിൽ രാത്രി ഭാര്യ എന്തോ രഹസ്യമായി തിരക്കുന്നതു അദ്ദേഹം കണ്ടു. പല വട്ടവും ശിഷ്യന്മാരുടെ പ്രേരണയിലും രഹസ്യത്തിലും പലമാതിരി എഴുതപ്പെട്ട തൻെറ വിൽപത്രം ഭാര്യ തിരക്കുകയാണെന്നാണ് അദ്ദേഹം ധരിച്ചതു്. അസഹ്യമായ വിവശതയോടെ ആ രോഗശയ്യയിൽനിന്നും അതേ പാതിരയ്ക്കുതന്നെ അദ്ദേഹം പ്രവാസത്തിനിറങ്ങി. മരംകോച്ചുന്ന മഞ്ഞുകാലത്തു മരിക്കാനുള്ള പുറപ്പാടായിരുന്നു ഇതു്. പക്ഷേ ടോൾസ്റ്റോയി ഡോക്ടരുടെ ഉപദേശം വകവയ്ക്കാതെ തീവണ്ടി കയറി.

അധികം യാത്രചെയ്യേണ്ടിവന്നില്ല. അദ്ദേഹത്തിൻെറസ്ഥിതി അത്യാസന്നമായി. അടുത്തൊരു

സ്റ്റേഷനിൽ അദ്ദേഹത്തെ ഇറക്കി. ഇതിനിടയിൽ ഭാൎയ്യ ആത്മഹത്യയ്ക്കു മുതിരുമ്പോഴും അവരെ ബലമായി പിടിച്ചു സൂക്ഷിച്ചിരിക്കയായിരുന്നു. വിവരമറിഞ്ഞ ഭാൎയ്യ ഒരുന്മത്തയെപ്പോലെ ഓടിയെത്തി. പക്ഷെ പ്രജ്ഞ നശിച്ചിരുന്ന തൻെറ ഭൎത്താവിൻെറ സമീപത്തേക്കു ചെല്ലാൻ ആരാധകലോകം അവരെ അനുവദിച്ചില്ല. ദിവസങ്ങൾ ഏറെ വേണ്ടിവന്നില്ല. അവസാന നിമിഷത്തിൽ സോണ്യാടോൾസ്റ്റോയി ആ കിടക്കയുടെ സമീപമെത്തി. ടോൾസ്റ്റോയി അവരെ നോക്കി അദ്ദേഹം അവരെ തിരിച്ചറിഞ്ഞോ എന്നു പറയാനാവില്ല. ഏതായാലും അതോടെ ആ കണ്ണുകൾ എന്നേക്കുമായി അടഞ്ഞു.

---

# ഒരു ഭ്രാന്തന്റെ ഡയറി

---

## ലിയോ ടോൾസ്റ്റോയ്

---

പരിശോധിക്കാൻ വേണ്ടി ഇന്നു എന്നെ ഒരു മെഡിക്കൽ ബോർഡിന്റെ മുമ്പാകെ കൊണ്ടുപോയി. എന്റെ കാര്യത്തിൽ തെല്ലൊരു അഭിപ്രായവ്യത്യാസമുണ്ടായിരുന്നു. എങ്കിലും എനിയ്ക്കു ഭ്രാന്തില്ലെന്നു ഒടുവിൽ അവർ തീരുമാനിച്ചു. പരിശോധനസമയത്തു ഞാൻ യാതൊന്നും മിണ്ടാതെ സൂക്ഷിച്ചതു കൊണ്ടുമാത്രമായിരുന്നു അതു്. ഭ്രാന്താലയത്തെ എനിയ്ക്കു വലിയ ഭയമായിരുന്നു. അതുകൊണ്ടു് അവരുടെമുമ്പിൽ ഞാൻ ഒരക്ഷരം മിണ്ടിയില്ല. എന്തുകൊണ്ടെന്നാൽ എന്റെ ഭ്രാന്തൻ സ്വഭാവങ്ങളൊന്നും ഭ്രാന്താലയത്തിൽ അവർ അനുവദിക്കുകയി

ല്ല. എനിയ്ക്കു ഇടയ്ക്കിടക്കു ചില "ഇളക്ക"ങ്ങളും മററും ഉണ്ടാകാറുണ്ടെങ്കിലും എൻെറ മനസ്സിനു യാതൊരു തകരാറും ഇല്ലെന്നായിരുന്നു മെഡിക്കൽ ബോർഡിൻെറഅഭിപ്രായം. പക്ഷെ ഞാൻ ഭ്രാന്തനാണെന്നു എനിയ്ക്കറിയാം. ഡാക്ടർ ചില മരുന്നുകഠം കുറിച്ചുതന്നു. ആ നിർദ്ദേശങ്ങഠം കണിശമായി പാലിക്കുകയാണെങ്കിൽ ഇന്നത്തെ ലക്ഷണങ്ങളെല്ലാം പാടെമാറിപ്പോകുമെന്നു ഡാക്ടർ എനിയ്ക്കു ഒരുറപ്പു നല്കുകയും ചെയ്തു. നിശ്ശേഷം മാറിപ്പോകുമെന്നാണ് അദ്ദേഹം പറഞ്ഞതു്. അങ്ങിനെ മാറിപ്പോയിരുന്നെങ്കിൽ! എനിയ്ക്കതു സഹിക്കുവാൻവയ്യ. എൻെറ മനസ്സിനു ഈ തകരാറുപററിയതെങ്ങിനെയാണെന്നും, ഭ്രാന്തിൻെറ ലക്ഷണങ്ങഠം ആദ്യമായി തുടങ്ങിയതെങ്ങിനെയാണെന്നും, മെഡിക്കൽ ബോർഡിനെക്കൊണ്ടു പരിശോധിപ്പിക്കാനിടയായതെങ്ങിനെയാണെന്നും ഇനി ഇപ്പോഠം ഞാൻ നിങ്ങളോടു പറയാം.

മുപ്പത്തഞ്ചു വയസ്സുവരെ ഞാൻ മററാരെയും പോലെ സാധാരണമട്ടിൽ ജീവിച്ചു. എന്നിൽ യാതൊരു പ്രത്യേകതകളുമുണ്ടായിരുന്നില്ല. എൻെറ കുട്ടിക്കാലത്തു്, അതായതു പത്തുവയസ്സുവരെ, ഇന്നത്തെ ഈ തകരാറുകഠം എനിക്കു അനുഭവപ്പെട്ടിരുന്നു. പക്ഷെ ഇടയ്ക്കിടെ മാത്രം. ഇന്നത്തെ

പ്പോലെ ഒരു സ്ഥിരം സ്വഭാവമായിരുന്നില്ല അ ന്നൊന്നും. തികച്ചും വ്യത്യസ്ഥമായ രീതിയിലാണ അന്നതുണ്ടായിരുന്നതു. അക്കാലത്തു സംഭവിച്ചിരു ന്നതു ഈ മട്ടിലായിരുന്നു.

അഞ്ചോ ആറോ വയസ്സുകാണും അന്നൊനി യ്ക്കു്. എൻെറ നഴ്സ് യേവ്പ്രാക്സിയ എൻെറ ഉടുപ്പുകൾ മാററി എന്നെ കട്ടിലിൽ കേററി കിട ത്തുവാൻ സഹായിക്കുമായിരുന്നു. പൊക്കം കൂടി, മെലിഞ്ഞ അവൾ തവിട്ടുനിറത്തിലുള്ള വസ്ത്രവും, തൊപ്പിയുമാണ ധരിച്ചിരുന്നതു്. അവളുടെ താടി യ്ക്കുതാഴെ ഏതാനും ചുളിവുകളുണ്ടായിരുന്നതായി ഞാനോക്കുന്നു.

"ഞാൻ തന്നിയെ കയറിക്കൊള്ളാം" എന്നു പറഞ്ഞു ഞാൻ കട്ടിലിൽ കയറുകയും ചെയ്തു.

"ഇനിയൊന്നു കിടക്കൂ, ഫെസൻകാ. ആ മി ററിയയെ നോക്കൂ, അവൻ നല്ലകുട്ടിയാണ്. അവൻ എപ്പൊഴേ കിടന്നുകഴിഞ്ഞു," എൻെറാ സഹോദര നെ നോക്കിക്കൊണ്ടു് അവൾ പറഞ്ഞു. അവളു ടെ കൈപിടിച്ചുകൊണ്ടു് ഞാൻ കട്ടിലിലേക്കുചാടി വീണു. എന്നിട്ടു് കാലുകൾ പുതപ്പിന്നടിയിലേക്കു തള്ളിക്കേററി ആകെ മൂടിപ്പുതച്ചു. എനിയ്ക്കു സം തൃപ്തിതോന്നി.

അനങ്ങാതെ കിടന്നുകൊണ്ടു ഞാൻ ആലോചിക്കുവാൻ തുടങ്ങി. ഞാൻ നാനിയെ സ്നേഹിക്കുന്നു; നാനി എന്നെയും മിടൻകയേയും സ്നേഹിക്കുന്നു. ഞാൻ മിടൻകയേയും സേ്നഹിക്കുന്നു. മിടൻക എന്നേയും നാനിയേയും സ്നേഹിക്കുന്നു. നാനി ടാറംസിനെ സ്നേഹിക്കുന്നുണ്ടു്. മിടൻകയും അവനെ സ്നേഹിക്കുന്നു. അതുപോലെ ടാറംസ് എന്നെയും നാനിയേയും സ്നേഹിക്കുന്നു. അമ്മ എന്നേയും നാനിയേയും സേ്നഹിക്കുന്നു. നാനി അമ്മയേയും, എന്നേയും അച്ഛനേയും സേ്നഹിക്കുന്നു. അങ്ങിനെ എല്ലാവരും പരസ്പരം സ്നേഹിക്കുന്നു. എല്ലാവക്കും എന്തു സുഖമാണതു്.

പെട്ടെന്നു വീട്ടുകാരി പഞ്ചസാരപ്പാത്രത്തെപ്പററി ദേഷ്യത്തിൽ എന്തോ ചോദിച്ചു ഒച്ചയിട്ടുകൊണ്ടു അകത്തേക്കു വരുന്നതും, താനതു എടുത്തിട്ടില്ലെന്നു നാനി കോപിച്ചു മറുപടി പറയുന്നതും ഞാൻ കേട്ടു. എനിയ്ക്കു ഭയവും പരിഭ്രമവും തോന്നി. ഞാൻ എൻെറ മുഖം പുതപ്പുകൊണ്ടു മൂടി. പക്ഷെ അതുകൊണ്ടു എനിയ്ക്കു ഒരു മനസ്സമാധാനമുണ്ടായില്ല. ഒരിക്കൽ ഒരു കുട്ടിയെ തല്ലുന്നതും അവൻ നിലവിളിക്കുന്നതും, തല്ലുമ്പോഠം ഫോകയുടെ മുഖം ഭയങ്കരമായിത്തീരുന്നതും കണ്ടതായി ഞാനോക്കുന്നു. "നീ ഇനി അതു ചെയ്യോ, നി ഇനി

അതു ചെയ്യോ?" എന്നുചോദിച്ചുകൊണ്ടാണ് അ യാൾ കുട്ടിയെ അടിച്ചിരുന്നതു. "ഇല്ല ഞാൻ ചെ യ്യൂല" എന്നു കുട്ടി പറഞ്ഞിരുന്നു. പക്ഷെ "നീ ഇനി അതുചെയ്യോ? " എന്നു അലറികൊണ്ടു ഫോക പി ന്നെയും കുട്ടിയെ പഴയപോലെ തല്ലി. അതു എ ന്നെ അസ്വസ്ഥനാക്കി. ഞാൻ കരഞ്ഞു. എന്നെ സാന്ത്വനപ്പെടുത്തുവാൻ കഴിഞ്ഞില്ല. ആ കരച്ചി ലും മനംമടുപ്പുമായിരുന്നു എൻെറ ഇന്നത്തെ ഭ്രാന്തിൻെറ ആദ്യത്തെ ലക്ഷണങ്ങൾ. മററാരി യ്യൽ എൻെറ അമ്മായി ഞങ്ങൾക്കു ക്രിസ്തുവിൻെറ കഥ പറഞ്ഞുതന്നപ്പോൾ സംഭവിച്ചതു ഞാനോ ക്കുന്നു. കഥ പറഞ്ഞു കഴിഞ്ഞു അവർ പോകാനാ യെഴുന്നേററപ്പോൾ ഞങ്ങൾ പറഞ്ഞു.

"യേശുക്രിസ്തുവിനെപ്പററി കുറച്ചുകൂടി പറയൂ."

"ഇല്ല, ഇപ്പോൾ എനിയ്ക്കു നേരമില്ല."

"ഓ, കുറച്ചുകൂടി പറയൂ"; മിടൻകയും അമ്മാ യിയോടപേക്ഷിച്ചു........അങ്ങിനെ അമ്മായി നേരത്തെ പറഞ്ഞ കഥ തന്നെ വീണ്ടും ആവർത്തി ച്ചു. അദ്ദേഹത്തെ അവർ എങ്ങിനെയാണു കുരി ശിൽ തറച്ചതെന്നും, എങ്ങിനെ അടിക്കുകയും ദ്രോ ഹിക്കുകയും ചെയ്തുവെന്നും, ആ സമയമൊക്കെ അ വർക്കെതിരായി ഒരു വാക്കുപോലും ഉരിയാടാതെ അദ്ദേഹം പ്രാർത്ഥിച്ചതു എങ്ങിനെയാണെന്നും, അമ്മായി ഞങ്ങൾക്കു വിവരിച്ചുതന്നു.

"എന്തിനാണമ്മായീ, അവർ അദ്ദേഹത്തെ ഉപദ്രവിച്ചതു്?"

"അവർ ചീത്തമനുഷ്യരായിരുന്നു."

"പക്ഷേ അദ്ദേഹം നിശ്ചയമായും നല്ലവനായിരുന്നില്ലേ?"

"ശരി, ഇപ്പോൾ അതുമതി. സമയം എട്ടുകഴിഞ്ഞു, മനസ്സിലായോ?"

"എന്തിനാണു അവർ അദ്ദേഹത്തെ അടിച്ചതു്? അദ്ദേഹം അവക്കു മാപ്പുകൊടുത്തു. എന്നിട്ടും അവർ എന്തേ അദ്ദേഹത്തെ തല്ലിയതു്? അദ്ദേഹത്തിനു അതുകൊണ്ടു വേദനിച്ചുവോ? ഉവ്വോ അമ്മായി?"

"മതി, ഇനി മതി. ഞാൻ ചായകുടിക്കാൻ പോണു."

"ഒരു പക്ഷേ അതു നേരല്ലായിരിക്കാം. അവർ അദ്ദേഹത്തെ അടിച്ചിട്ടുണ്ടായിരിയ്ക്കില്ല."

"ഇനി ഇപ്പോൾ അതുമതി."

"ഇല്ല, പോകല്ലേ അമ്മായീ."

ആ കഥ എന്നെ അസ്വസ്ഥചിത്തനാക്കി. ഞാൻ കരഞ്ഞു. ഞാൻ വളരെനേരം കരയുകയും തല ചുമരിലിട്ടടിക്കുകയും ചെയ്തു.

കുട്ടിക്കാലത്തു സംഭവിച്ചതു അതാണു. പക്ഷേ പതിനാലു വയസ്സു മുതൽ എന്നിൽ ലൈംഗികവി

കാരം കിളിൎത്തുതുടങ്ങിയപ്പോൾ, ഞാൻ ചീത്തപ്രവൃത്തികളിൽ മുഴുകി. നല്ല നല്ല ഭക്ഷണങ്ങൾ നല്കി ലാളിച്ചാണു എന്നെ വളൎത്തിയിരുന്നതു്. യതൊരു ജോലിയും എനിയ്ക്കു ചെയ്യാനുണ്ടായിരുന്നില്ല. വികാരങ്ങളെ ഉദ്ദീപിപ്പിക്കുന്ന എല്ലാ സുഖസൗകൎയ്യങ്ങളുമുണ്ടായിരുന്ന എനിക്കു ചീത്ത കുട്ടികളെ കൂട്ടുകാരായും ലഭിച്ചു. അവർ എനിയ്ക്കു ചീത്ത പ്രവൃത്തികൾ കാണിച്ചുതന്നു. ഞാനതിൽ മുഴുകയും ചെയ്തു. പിന്നീടു ഈ ദുശ്ശീലം മറെറാന്നിനു് വഴി മാറിക്കൊടുത്തു. ഞാൻ സ്ത്രീകളുമായി അടുക്കാൻ തുടങ്ങി. അങ്ങിനെ തേടിയ ആനന്ദം കണ്ടുകിട്ടിയ ഞാൻ അതിൽ മുഴുകി. മുപ്പത്തഞ്ചു വയസ്സ്‌വരെ അങ്ങിനെ ജീവിച്ചു. തികച്ചും ആരോഗ്യവാനായിരുന്നു അന്നൊക്കെ ഞാൻ. ഭ്രാന്തിന്റെ യാതൊരു ലക്ഷണവുമുണ്ടായിരുന്നില്ല.

ആരോഗ്യപൂൎണ്ണമായ ഈ ഇരുപത്തഞ്ചു വൎഷക്കാലത്തെ ജീവിതത്തിൽ നടന്ന സംഭവങ്ങൾ വളരെയൊന്നും ഞാൻ ഇപ്പോൾ ഓൎക്കുന്നില്ല. വളരെ വിഷമിച്ചും മനംമടുപ്പോടും കൂടിയാണു ഞാൻ ആ കാലഘട്ടത്തെപ്പററി സ്മരിക്കുന്നതു. എനിയ്ക്കു ചററുമുണ്ടായിരുന്ന മററുകുട്ടികളെപ്പോലെ ആരോഗ്യപൂൎണ്ണമായ മനസ്സായിരുന്നു എന്റേതു്. ഞാൻ സ്ക്കൂളിൽ ചേൎന്നു. പിന്നീടു യൂണിവേഴ്സററിയിൽ പഠിച്ചു,

നിയമബിരുദം നേടുകയും ചെയ്തു. കുറച്ചുകാലം കഴിഞ്ഞപ്പോൾ, പിന്നീടു എൻെറ ഭാൎയ്യയായിത്തീൎന്ന സ്ത്രീയെ കണ്ടുമുട്ടി. ഞാൻ അവളെ കല്യാണം കഴിച്ചു നാട്ടിൻപുറത്തു താമസമുറപ്പിക്കുകയും, അവൾ പറയുന്നതുപോലെ കുട്ടികളെപ്പോററി പുലൎത്തുകയും ചെയ്തുപോന്നു. എൻെറ വസ്തുവഹകളുടെ മേൽനോട്ടം ഞാൻ വഹിച്ചു. ഡിസ്ത്രിക്ട്റ മജിസ്ത്രേട്ടായി ജോലിനോക്കുകയും ചെയ്തു.

കുട്ടിക്കാലത്തിനുശേഷം ഈ രോഗത്തിൻെറ ലക്ഷണം വീണ്ടും കണ്ടതു കല്യാണം കഴിച്ചു ഒമ്പതു വൎഷം കഴിഞ്ഞപ്പോഴാണ്.

എൻെറ ഭാൎയ്യക്കു അവകാശം കിട്ടിയതും കയ്യിൽ മിച്ചമുണ്ടായിരുന്നതുമായ കുറച്ചു പണംകൊണ്ടു ഒരു എസ്റ്റേററു വാങ്ങുവാൻ ഞങ്ങൾ തീരുമാനിച്ചു. ഞങ്ങളുടെ വസ്തുക്കൾ വൎദ്ധിപ്പിക്കണമെന്നു എനിക്കാഗ്രഹമുണ്ടായിരുന്നു. കഴിയുന്നത്ര കാൎയ്യക്ഷമമായി വാസ്തവത്തിൽ മററുള്ളവർ ചെയ്യുന്നതിനേക്കാൾ വളരെ മെച്ചമായിത്തന്നെ അതു ചെയ്യണമെന്നായിരുന്നു എൻെറ ആഗ്രഹം. എസ്റ്റേററുകൾ വില്പനയ്ക്കുള്ള സ്ഥലങ്ങൾ ഞാൻ അന്വേഷിച്ചറിഞ്ഞു. പത്രങ്ങളിലെ പരസ്യങ്ങൾ മുഴുവൻ നോക്കി വസ്തുവിനു കൊടുക്കുന്ന കാശു മുഴുവൻ

അതിൽനിന്നു ആദായമായി ലഭിക്കണം. അല്ലെങ്കിൽ ആ വിലയുള്ളമരങ്ങൾ അതിലുണ്ടായിരിക്കണം. ഇതായിരുന്നു എൻെറ ഉന്നം. ചുരുക്കത്തിൽ കാര്യങ്ങളറിയാൻ പാടില്ലാത്ത വിഡ്ഢിയായ ഒരു എസ്റ്റേറുടമസ്ഥനെയാണു ഞാൻ അന്വേഷിച്ചിരുന്നതു്. അവസാനം അങ്ങിനെ ഒരാളെക്കൂടി കിട്ടിയെന്നും ഞാൻ കരുതി. പെൻസാ സംസ്ഥാനത്തിൽ ധാരാളം കാടുകളുള്ള ഒരു എസ്റ്റേററു വില്ക്കുവാനുണ്ടെന്നു അറിവായി. മനസ്സിലാക്കാൻ സാധിച്ചേടത്തോളം അതു വില്ക്കാൻ പോകുന്നആൾ ഒരു വിഡ്ഢിതന്നെയാണു്. കൊട്ടക്കുന്ന വിലയുള്ള മരം അതിലെ കാട്ടിലുണ്ടു്. അങ്ങിനെ ഞാൻ തയ്യാറായി യാത്രപുറപ്പെട്ടു. കൂടെ വേലക്കാരനുമുണ്ടായിരുന്നു. യാത്രയുടെ ആദ്യഭാഗം തീവണ്ടിയിലാണു ഞങ്ങൾ സഞ്ചരിച്ചതു്; പിന്നീടു കുതിരവണ്ടിയിലും. എനിയ്ക്കും, എൻെറ വേലക്കാരനും യാത്ര വളരെ ഉല്ലാസകരമായിത്തോന്നി. പുതിയ സ്ഥലങ്ങൾ; പുതിയ ജനങ്ങൾ. ആ യാത്ര ഞങ്ങൾ ഇരുവരും നല്ലവണ്ണം ആസ്വദിച്ചു. ഉദ്ദേശം ഇരുനൂറു നാഴിക ഞങ്ങൾക്കു സഞ്ചരിക്കണം. ഇടയ്ക്കു കുതിരകളെ മാറാൻ മാത്രമല്ലാതെ യാത്ര വിഘ്നപ്പെടരുതെന്നായിരുന്നു ഞങ്ങൾ തീരുമാനിച്ചിരുന്നതു. രാത്രിയായി പക്ഷെ ഞങ്ങൾ യാത്ര തുടൎന്നു. ഞങ്ങൾ ഇരുവരും ഉറക്കംതൂങ്ങുവാൻ തുട

ങ്ങി. ഞാൻ അങ്ങിനെ നല്ലവണ്ണം ഉറങ്ങിപ്പോയി ട്ടുണ്ടായിരിക്കണം. പെട്ടെന്നു ഒരു ഭയത്തോടുകൂടി ഞാൻ ഞെട്ടിയുണന്നു. പലപ്പോഴും സംഭവിക്കാറു ള്ളതു പോലെ ഇനിഒരിക്കലും ഉറങ്ങാൻ പാററി ല്ലെന്നു തോന്നുന്ന മട്ടിൽ ഞാൻ നല്ലപോലെ ഉറക്ക മുണന്നു. ഞാൻ എന്തിനാണു യാത്രചെയ്യുന്നതു, ഞാ ൻ എവിടെയാണു പോകുന്നതു? പെട്ടെന്നു ഞാൻ ആലോചിക്കുവാൻ തുടങ്ങി. കുറഞ്ഞ വിലയ്ക്കു എസ്റ്റേററു വാങ്ങുന്ന കാര്യം എനിയ്ക്കിഷ്ടമല്ലാഞ്ഞി ട്ടൊന്നുമല്ല. ഒരപരിചിതമായ സ്ഥലത്തു കിടന്നു മരിയ്ക്കാൻ ഈ ദൂരമത്രയും യാത്രചെയ്യേണ്ടതിനു യാ തൊരു കാര്യവുമില്ലെന്നുള്ള ഒരു വിചാരമാണു പെട്ടെന്നു എന്നെ പിടികൂടിയതു്. എനിയ്ക്കാകെ ഭയമായി. വേലക്കാരൻ സെർഗി അതിനകം ഉ ണന്നു കഴിഞ്ഞിരുന്നു. അതുകൊണ്ടു ഞാൻ അവനു മായി വത്തമാനമാരംഭിച്ചു. ഞങ്ങൾ അപ്പോൾ സ ഞ്ചരിച്ചിരുന്ന സ്ഥലത്തെപ്പററിയും മററും ഞാൻ അവനോടു പറയാൻ തുടങ്ങി. അവൻ അതിനു മറു പടിപറയുകയും തമാശകളടിക്കുകയും ചെയ്തു. പ ക്ഷെ എനിയ്ക്കാകെ അസ്വാസ്ഥതതോന്നി. പിന്നീ ടു കുടുംബത്തെപ്പററിയും എസ്റ്റേററുവാങ്ങുന്നതിനെ പ്പററിയും മററും സംസരിച്ചപ്പോൾ എന്തുമാത്രം ഉല്ലാസഭരിതനായിട്ടാണു അവൻ മറുപടിപറ

ഞ്ഞിരുന്നത്. എനിയ്ക്കത്ഭുതം തോന്നി. എല്ലാം പ്രസന്നവും പ്രസാദാത്മകവുമായിട്ടാണു്. അവനു തോന്നിയതു്. എനിയ്ക്കു നേരെ മറിച്ചും. പക്ഷെ അവനുമായികുറെ സംസാരിച്ചു കഴിഞ്ഞപ്പോഠം എൻെറ മനസ്സിനു അല്പം ലാഘവം തോന്നി. എന്നാൽ ആ ഭീതിയ്ക്കും അസ്വാസ്ഥതയ്ക്കും പുറമെ ഒരു വല്ലാത്തക്ഷീണവും എന്നെ ബാധിച്ചു. ഒരു വീട്ടിൽ ചെന്നു, ആഠംക്കാരെയെല്ലാംകണ്ടു, കുറച്ചു ചായ കുടിക്കുകയും ഒന്നുറങ്ങുകയും ചെയ്താൽ എൻെറ നില കുറച്ചുമെച്ചപ്പെടുമെന്നു് എനിയ്ക്കുതോന്നി. ഞങ്ങഠം അർസ്മാസ് പട്ടണത്തിനടുത്ത് എത്തിക്കഴിഞ്ഞിരുന്നു.

"നമുക്കു ഇവിടെ നിത്തി കുറെ വിശ്രമിച്ചു കൂടേ?"

"തീർച്ചയായും, അതിനെന്താവിരോധം"

"പട്ടണത്തിലേക്കു അധികം ദൂരമുണ്ടോ?"

"ഉദ്ദേശം ഏഴുനാഴിക"

വണ്ടിക്കാരൻ ഗൗരവക്കാരനും മിതഭാഷിയും അരസികനുമായിരുന്നു.

ഞങ്ങഠം യാത്രതുടന്നു. ഒരു വിശ്രമം കിട്ടിക്കഴിഞ്ഞാൽ എല്ലാം നേരെയാകും എന്നു വിശ്വസിച്ചിരുന്ന ഞാൻ അഭയസ്ഥാനത്തെത്തിച്ചേരാൻ അക്ഷമയോടെ കാത്തിരിക്കുന്നു. അതോടെ എൻെറ അസ്വാസ്ഥതയും അല്പം കുറഞ്ഞു. ഇരുട്ടിൽ

ഞങ്ങൾ യാത്രതുടരുകയാണ്. ആ യാത്ര അത്യധികം ദൈർഘ്യമുള്ളതായിത്തോന്നി. അവസാനം ഞങ്ങൾ പട്ടണത്തിലെത്തിച്ചേൎന്നു. എല്ലാവരും ഉറക്കമാണ്. ഇരുട്ടിൽ ചില ചെറിയ വീടുകൾ കാണാമായിരുന്നു. വണ്ടിയുടെ മണിയും കുതിരകളുടെ കുളമ്പടിശബ്ദവും രാത്രിയിലെ ആ കട്ടത്ത നിശ്ശബ്ദതയിൽ പ്രതിദ്ധ്വനിച്ചു. ഇടയ്ക്കിടയ്ക്കു വെൺകളിപൂശിയ ചില വലിയ വീടുകൾ ദൃശ്യമാകും. അതെല്ലാം എന്റെ ദുഃഖത്തെ വർദ്ധിപ്പിച്ചതേയുള്ളു. എങ്ങിനെയെങ്കിലും ലക്ഷ്യത്തിലെത്തി ഒരു ചൂടുകാപ്പി കുടിച്ചു ഒന്നു വിശ്രമിക്കുവാൻ ഞാൻ കൊതിച്ചു.

അവസാനം ഞങ്ങൾ ഒരു കൊച്ചുവീട്ടിൽ എത്തിച്ചേൎന്നു. വെള്ള തേച്ചതായിരുന്നു ആ വീട്. പക്ഷെ എന്റെ മനഃക്ലേശം കഠിനമായിരുന്നതുകൊണ്ടു ഞാൻ ആശങ്കാകുലനായിത്തീൎന്നു. സാവധാനം ഞാൻ വണ്ടിയിൽ നിന്നിറങ്ങി.

ഞങ്ങൾക്കാവശ്യമുള്ളവയെല്ലാം ധൃതിയിൽ വണ്ടിയിൽനിന്നു എടുത്തശേഷം പടവുകളിൽ ഒച്ചയുണ്ടാക്കിക്കൊണ്ടു സെർഗി വീട്ടിലേക്കോടിക്കയറി. അവന്റെ കാലൊച്ച എന്റെ ഹൃദയത്തിൽ ഒരു

അസ്വസ്ഥത ഉളവാക്കി. ഞാൻ അകത്തേക്കു ചെ ന്നു. വീട്ടിനു ഒരു ഇടനാഴി ഉണ്ടായിരുന്നു. കവി ളിൽ വല്ലാത്തപാടുള്ള ഒരു വേലക്കാരൻ എ നിയ്ക്കു വിശ്രമമുറി കാണിച്ചുതന്നു. അവൻെറ കവിളിലെ ആ അടയാളം എനിയ്ക്കു ഭയാനകമായി തോന്നി. അതൊരു ഇടുങ്ങിയമുറിആയിരുന്നു. അതിൽ കയറിയതോടെ എൻെറ ഭയം ഒന്നു കൂടിവർദ്ധിച്ചു

"എനിയ്ക്കു വിശ്രമിക്കുവാൻ പററിയ ഒരു മുറിയില്ലേ ഇവിടെ?"

"ഉവ്വ്. ഇതാ, ഈമുറിയുണ്ട്"

അതൊരു ചെറിയ വൃത്തിയുള്ള വെള്ള തേ ച്ച ചതുരാകൃതിയിലുള്ള മുറി ആയിരുന്നു.

ആ മുറിയുടെ ചതുരാകൃതിതന്നെ എന്തുമനഃ ക്ലേശമാണു എന്നിലുളവാക്കിയതെന്നു ഞാനോ ക്കുന്നു. ആ മുറിയ്ക്കൊരു ജനലും ചെറിയ ചുമന്ന ക ട്ടനുമുണ്ടായിരുന്നു. ഞങ്ങൾ മുറിയിൽ പ്രവേശിച്ചു. ഞാൻ കിടക്കയിൽ കിടന്നതിനിടയ്ക്കു സെർഗി ചാ യ തയ്യാറാക്കി. ഉറങ്ങിയില്ല ഞാൻ. സെർഗി ചായ കുടിക്കുന്നതും കേട്ടുകിടന്നു. അവൻ എന്നെ വിളിച്ചു. ഉറക്കം നിശ്ശേഷം ഇല്ലാതായിപ്പോയേ ക്കുമോ എന്നു ഭയന്നു ഞാൻ എഴുന്നേററില്ല. മാത്ര

മല്ല ആ മുറിയിൽ ഉണൎന്നിരിക്കുവാൻ എനിയ്ക്കു ഭയമായിരുന്നു. കിടക്കയിൽ ഒരുവിധം മയങ്ങിക്കിടന്നു. അങ്ങിനെ ഉറങ്ങിപ്പോയിട്ടുണ്ടായിരിക്കണം എന്തുകൊണ്ടെന്നാൽ ഞാൻ ഉണൎന്നപ്പോൾ മുറിയിൽ ആരുമുണ്ടായിരുന്നില്ല. നിറയെ ഇരുട്ടാണ്. വണ്ടിയിൽ വെച്ചു പെട്ടെന്നു ഉറക്കമുണൎന്നപ്പോഴുണ്ടായ അതേവികാരമാണു എന്നിലുളവായതു്. ഇനി ഉറങ്ങുവാൻ കഴിയുന്നകാൎയ്യം തികച്ചും അസാദ്ധ്യംതന്നെയാണെന്നു എനിയ്ക്കു തോന്നി. ഞാൻ എന്തിനു ഇവിടെ വന്നു? എവിടെയാണു ഞാൻ പോകുന്നതു്? എന്തുകൊണ്ടു, എവിടേയ്ക്കാണു ഞാനിങ്ങിനെ ഓടിപ്പോകുന്നതു്? രക്ഷപ്പെടുവാൻ കഴിയാത്ത ഏതോഒന്നിൽ നിന്നു ഓടിരക്ഷപ്പെടുവാൻ ഞാൻ ശ്രമിക്കുകയാണു. ഞാൻ എപ്പോഴും എന്റെ കൂടെത്തന്നെയുണ്ടു്. ഞാൻ തന്നെയാണു എനിയ്ക്കൊരു വേദനയായിത്തീരുന്നതു. ഉറങ്ങുവാനും അങ്ങിനെ ഇതൊക്കെ മറക്കുവാനും ഞാൻ ആഗ്രഹിക്കുന്നു. പക്ഷെ അതിനു കഴിയുന്നില്ല. എനിയ്ക്കു എന്നിൽ നിന്നുരക്ഷപ്പെടുവാൻ സാധിക്കുന്നില്ല ഞാൻ പുറത്തു ഇടനാഴികയിലേക്കുപോയി. സെർഗി വീതികുറഞ്ഞ ഒരു ബെഞ്ചിന്മേൽ കിടന്നുറങ്ങുകയാണു. അവന്റെ കൈ താഴോട്ടു തൂങ്ങിക്കിടന്നിരുന്നു. എന്നിട്ടും അവൻ സുഖമായുറങ്ങുന്നു! കവിളിൽ അടയാളമുള്ള ആ വേലക്കാരനും സുഖ

മായുറങ്ങുന്നു. എന്നെ വേദനിപ്പിക്കുന്ന വിചാരത്തിൽനിന്നു മോചനം കിട്ടുമെന്നു വിചാരിച്ചാണു ഞാൻ പുറത്തു ഇടനാഴികയിലേക്കുവന്നതു്. പക്ഷെ അതു എന്നെ പിന്തുടന്നു- "ഒരു നിഴലുപോലെ. എന്തുസംബന്ധമാണിതു്? ഞാൻ എന്നോടുതന്നെ പറഞ്ഞു. എന്താണു എന്നെ ഇങ്ങിനെ അലട്ടുന്നതു്? എന്തൊന്നിനെയാണു ഞാൻ ഭയപ്പെടുന്നതു്?"

"എന്നെ" മരണത്തിൻെറശബ്ദം മന്ത്രിച്ചു. "ഞാൻ ഇവിടെയുണ്ടു്." എൻെറ ശരീരം തരിക്കുവാൻ തുടങ്ങി. അതെ മരണം, അതു വരും; മരണം, അതാ, അതവിടെയുണ്ടു്. പക്ഷെ അതു അതായിരിക്കില്ല. മരണം യഥാൎത്ഥത്തിൽ എൻെറമുമ്പിൽ പ്രത്യക്ഷപ്പെട്ടിരുന്നെങ്കിൽ എനിയ്ക്കിപ്പോളനുഭവപ്പെട്ടതു് അനുഭവപ്പെടുകയില്ലായിരുന്നു. തീർച്ചയായും എനിയ്ക്കു ഭയമുണ്ടാകുമായിരുന്നേനെ. എന്നാൽ എനിയ്ക്കു ഭയമുണ്ടായിരുന്നില്ല. മരണം എൻെറ അരികിലേക്കു വരുന്നതായി ഞാൻ കാണുകയും എനിയ്ക്കതു അനുഭവപ്പെടുകയും ചെയ്തു. ജീവിക്കുവാനുള്ള ഉൽക്കടമായ ആഗ്രഹം എന്നെ പിടികൂടി. അതേ സമയം മരണം എന്നെ സമീപിക്കുകയാണെന്നുള്ള തോന്നലും. ഈ ആന്തരികമായ സംഘട്ടനം ഭയാനകമായിരുന്നു. ഈ ഭീതി

ഇല്ലായ്മ ചെയ്യുവാൻ ഞാൻ കഴിവതും ശ്രമിച്ചു നോക്കി. പിത്തളകൊണ്ടുള്ള ഒരു മെഴുകുതിരി തട്ടവും അതിന്മേൽ ഒരു മെഴുകുതിരി കഷ്ണവും ഞാൻ കണ്ടു. ഞാനതു കൊളുത്തി. പ്രകാശമാനമായ ആ നാളവും, അതു മെഴുകുതിരിയേക്കാറം നീളം കുറഞ്ഞതാണെന്ന യാഥാൎത്ഥ്യവും എല്ലാം ഒരേ ഒരു സത്യം വിളിച്ചോതുന്നതായി എനിയ്ക്കനുഭവപ്പെട്ടു. അതേ, ജീവിതം നിരൎത്ഥകമാണെന്നുള്ള സത്യം.

ഞാൻ മററു കാൎയ്യങ്ങളെപ്പററി ആലോചിക്കുവാൻ ശ്രമിച്ചുനോക്കി. എസ്റ്റേററുവാങ്ങുന്ന കാൎയ്യത്തെപ്പററിയും എന്റെ ഭാൎയ്യയെപ്പററിയുമെല്ലാം ഞാൻ ആലോചിച്ചു. പക്ഷെ ഈ ചിന്തകളൊന്നും എനിയ്ക്കു യാതൊരു ആശ്വാസവും നല്കിയില്ലെന്നു മാത്രമല്ലാ, അവ അൎത്ഥശൂന്യങ്ങളായ കാൎയ്യങ്ങളായി മാറിയിരിക്കുന്നതായും എനിക്കു തോന്നി. എന്റെ ജീവിതം അസ്തമിക്കുകയാണെന്നുള്ള വിചാരം മററെല്ലാ ചിന്തകളെയും കീഴടക്കിക്കളഞ്ഞു. എനിയ്ക്കുറങ്ങണം. ഞാൻ കിടന്നു. പക്ഷെ അടുത്തനിമിഷത്തിൽ തന്നെ ഭയവിഹ്വലനായി ചാടിയെഴുന്നേല്ക്കുകയും ചെയ്തു. അസ്വസ്ഥത, ആത്മീയമായ ഒരസ്വസ്ഥത എന്നെ പിടികൂടി. അതു ഭയങ്കരവും ഭീതിജനകവുമായിരുന്നു. മരണത്തെ സംബന്ധിച്ച

ഭയമാണതെന്നു എനിയ്ക്കു തോന്നി. പക്ഷെ ജീവിതത്തെപ്പററി ഓക്കുകയും ചിന്തിക്കുകയും ചെയ്യുമ്പോഠം ജീവിതത്തെ സംബന്ധിച്ച ഭീതിയായി എനിയ്ക്കുതനുഭവപ്പെട്ടു. നശിക്കുവാൻ പോകുന്ന ജീവിതത്തെക്കുറിച്ചുള്ള ഭയം. എങ്ങിനെയോ ജീവിതവും മരണവും ഒന്നായി ചേൎന്നുകഴിഞ്ഞിരുന്നു. എന്തൊ ഒന്നു എൻെറ ആത്മാവിനെ പിച്ചിച്ചീന്തുവാൻ ശ്രമിക്കുന്നുണ്ട്. പക്ഷെ കഴിയുന്നില്ല. ഉറങ്ങുന്ന ആ രണ്ടുപേരെ കാണുവാൻ ഒരിക്കൽക്കൂടി ഞാൻ പുറത്തേയ്ക്കു കടന്നു. ഞാനും ഉറങ്ങുവാൻ ശ്രമിച്ചു. പക്ഷെ ഭയങ്കരമായ ആ ഭീതി വിട്ടുമാറുന്നില്ല. എന്തൊരസഹ്യത.

എന്നെ സൃഷ്ടിച്ചതെന്താണ്? ദൈവം, അതെ അങ്ങിനെയാണു പറയുന്നതു്. ദൈവം...... എനിയ്ക്കു പ്രാൎത്ഥിക്കണം. വളരെക്കൊല്ലങ്ങളായി ഞാൻ പ്രാൎത്ഥിച്ചിട്ടില്ല. ഇരുപതുകൊല്ലമായി ഞാൻ ദൈവത്തോടു് പ്രാൎത്ഥിച്ചിട്ടു്. പ്രാൎത്ഥനയിൽ എനിയ്ക്കു തെല്ലും വിശ്വാസമുണ്ടായിരുന്നില്ല. പക്ഷെ ആചാരത്തിനുവേണ്ടി എല്ലാക്കൊല്ലവും വിശുദ്ധ വാരത്തിൽ ഞാൻ കുർബാനയ്ക്കും കുംബസാരത്തിനും മററും പോകുമായിരുന്നു. ഞാൻ പ്രാൎത്ഥിക്കുവാൻ തുടങ്ങി: ഞങ്ങളുടെ പിതാവെ, ഞങ്ങളിൽ കരുണതോന്നണമെ! എന്നിട്ടു് കുരിശടയാളം

വരക്കുകയും കുമ്പിടുകയും ചെയ്തു. കുമ്പിടുന്നതിനിടയിൽ മററുവല്ലവരും അതു കാണുന്നുണ്ടോ എന്നറിയുവാൻ ഞാൻ ചുററും നോക്കി. അവസാനം ഞാൻ നിലത്തു കിടന്നു. പക്ഷെ കണ്ണുകൾ അടക്കേണ്ട താമസം ആ ഭയങ്കരമായ ഭീതി എന്നെ കടന്നാക്രമിച്ചു. ഞാൻ പേടിച്ചെഴുണീററു എനിയ്ക്കിതു ഇനിതെല്ലും സഹിക്കാനാവില്ല. ഞാൻ പോർട്ടറെയും സെർഗിയെയും വിളിച്ചുണർത്തി. സാമാനങ്ങളെല്ലാം ഭാണ്ഡം മുറുക്കുവാൻ സെർഗിയോടാജ്ഞാപിച്ചു. എന്നിട്ടു ഞങ്ങൾ യാത്രപുറപ്പെട്ടു. ശുദ്ധമായ വായുവും യാത്രയും എൻെറ സ്ഥിതി കുറച്ചു മെച്ചപ്പെടുത്തിയതായി തോന്നി. പക്ഷെ എന്തൊ പുതിയ ഒന്നു എൻെറ മനസ്സിൽ കടന്നുകൂടിയിട്ടുള്ളതായും അതു എൻെറ മനസ്സിനെ വിഷപൂർണ്ണമാക്കി മാററിയിരിക്കുന്നതായും എനിയ്ക്കനുഭവപ്പെട്ടു.

സന്ധ്യയായപ്പോൾ ഞങ്ങൾ ഉദ്ദിഷ്ടസ്ഥാനത്തെത്തിച്ചേർന്നു. പകൽ മുഴുവൻ എൻെറ മനഃക്ലേശവുമായുള്ള മൽപ്പിടുത്തമായിരുന്നു. അവസാനം ഒരു വിധത്തിൽ ഞാനതിനെ കീഴടക്കി. പക്ഷെ ഒരു ഭീകരസ്വപ്നത്തിൻെറ അവശിഷ്ടം എൻെറ മനസ്സിൻെറ അഗാധതയിൽ തങ്ങിക്കിടന്നിരുന്നു. എത്ര ശ്രമിച്ചിട്ടും അതു പാടെ മറക്കുവാൻ എനിയ്ക്കു കഴിയുന്നില്ല.

വൈകുന്നേരമാണു ഞങ്ങൾ എസ്റ്റേററിൽ എത്തിയതു്. വൃദ്ധനായ എസ്റ്റേററു മേസ്ത്രി എന്നെ സ്വീകരിച്ചു. അയാളിൽ ഒരുത്സാഹവും കണ്ടില്ല. ആ എസ്റ്റേററു അങ്ങിനെവിട്ടുകളയുന്നതു അയാൾക്കിഷ്ടമല്ലായിരുന്നു. വൃത്തിയുള്ള മുറികൾ. ഭംഗിയുള്ള ഫർണിച്ചർ. നല്ല ചായസ്സല്ക്കാരം. കുടിയ്ക്കാൻ തേൻ. എല്ലാം ഉല്ലാസകരമായിരുന്നു. ഞാൻ അയാളോടു എസ്റ്റേററു കാൎയ്യങ്ങൾ ചോദിച്ചു. തീരെ ഇഷ്ടമില്ലാത്തമട്ടിൽ. മറന്നുപോയ ഒരു പഴയ പാഠം ഉരുവിടുന്നതുപോലെയാണു അയാൾ അതിനു മറുപടിനല്കിയതു. ബോറുപിടിച്ച ഒരു പണിയായിരുന്നു അതു്. ഏതായാലും മനഃക്ലേശം കൂടാതെ അന്നുരാത്രി ഞാൻ ഉറങ്ങി. വീണ്ടും പ്രാൎത്ഥിച്ചതിന്റെ ഫലമായിട്ടാണു ആ രാത്രി മനഃസമാധാനം കിട്ടിയതെന്നു ഞാൻ തീരുമാനിച്ചു.

ഞാൻ പഴയപടി ജീവിതം തുടൎന്നു. പക്ഷേ അന്നുമുതൽ ആ മനഃക്ളേശത്തിന്റെ ഭീതി എന്നെ അലട്ടിക്കൊണ്ടിരുന്നു. പഴയ പരിചിതങ്ങളായ സാഹചൎയ്യങ്ങളിൽ പണ്ടത്തേപ്പോലെ തുടൎന്നു ജീവിയ്ക്കണം ഞാൻ. ആൎസ്സമാസിൽ വെച്ചു ആദ്യമായനുഭവപ്പെട്ട ഭീകരമായ ഭീതിയുടെ പിടിയിൽ വീണ്ടും അകപ്പെടാതെ.

ഞാൻ കുഴപ്പമൊന്നും കൂടാതെ വീട്ടിൽ തിരിച്ചെത്തി. ആ എസ്റ്റേററു ഞാൻ വാങ്ങിയില്ല. വാങ്ങാൻ എനിക്ക് കഴിഞ്ഞില്ല. വീട്ടിൽ തിരിച്ചെത്തിയ ഞാൻ പഴയപടി ജീവിതം തുടൻു. പക്ഷെ ഒരു വ്യത്യാസംമാത്രം. ഞാൻ പള്ളിയിൽ പോകുവാനും പ്രാൎത്ഥിക്കുവാനും തുടങ്ങി. പുതിയ സംരംഭങ്ങളിലൊന്നിലും ഞാൻ ഏൎപ്പെട്ടില്ല. പഴയപോലെ ജീവിതത്തിൽ എനിയ്ക്കു ഒരു താല്പൎയ്യവും തോന്നിയില്ല. ജീവിതത്തിലെ സൎവ്വതും എന്നെ ബോറു പിടിപ്പിച്ചു. ഞാൻ ഒരു മതഭക്തനായി മാറി. എന്നിൽവന്ന ഈ മാററം മനസ്സിലാക്കിയ ഭാൎയ്യ പിറുപിറുക്കാനും ശകാരിക്കുവാനും തുടങ്ങി. പക്ഷെ വീട്ടിലായിരുന്ന കാലത്തോളം ആ പഴയരീതി എന്നെ പിടികൂടിയില്ല.

ഒരു ദിവസം അപ്രതീക്ഷിതമായി എനിയ്ക്കു മോസ്ക്കോവിലേക്കു പോകേണ്ടതായി വന്നു. സാമാനങ്ങളെല്ലാം കെട്ടിശരിയാക്കി വൈകുന്നേരം ഞാൻ യാത്രപുറപ്പെട്ടു. ഒരു കേസ്സു സംബന്ധിച്ചായിരുന്നു ആ യാത്ര. ഞാൻ സസുഖം മോസ്ക്കോവിലെത്തിച്ചേൎന്നു. യാത്രയ്ക്കിടയിൽ ഖാർക്കോവിൽ നിന്നുള്ള ഒരു ജന്മിയുമായി ഞാൻ പരിചയം സമ്പാദിച്ചു. കൃഷിയെപ്പററിയും ഉണ്ടിവ്യാപാരത്തെ സംബന്ധിച്ചും നാടകങ്ങളെപ്പററിയും, മോസ്ക്കോവിൽ ചെ

ന്നാൽ താമസിക്കേണ്ടതെവിടെയാണെന്നതിനെപ്പററിയും ഒക്കെ ഞങ്ങൾ യാത്രയ്ക്കിടയിൽ സംസാരിക്കുകയുണ്ടായി. ഒടുവിൽ മ്യാസിൻസ്കി തെരുവിലുള്ള ഒരു സത്രത്തിൽ ഒന്നിച്ചു താമസിക്കുവാനും രാത്രിയിൽ നാടകം കാണുവാൻ പോകുവാനും ഞങ്ങൾ തീരുമാനിച്ചു.

ഞങ്ങൾ മോസ്ക്കോവിലെത്തി. ഞാൻ സത്രത്തിലെ എൻെറ ചെറിയ മുറിയിൽ പ്രവേശിച്ചു. ഈർപ്പംപിടിച്ച ഇടനാഴികയിൽ നിന്നു പൊന്തിവന്ന ഒരു ദുർഗ്ഗന്ധം എൻെറ നാസാദ്വാരങ്ങളിൽ തുളച്ചുകയറി. പോർട്ടർ എൻെറ പെട്ടിസാമാനങ്ങൾ കൊണ്ടുവന്നുവെച്ചു. സത്രംപരിചാരിക ഒരു മെഴുകുതിരി കൊളുത്തി. മെഴുകുതിരിനാളം പെട്ടെന്ന് പ്രകാശിക്കുകയും പിന്നെ സാധാരണപോലെ മങ്ങിപോകുകയും ചെയ്തു. അടുത്ത മുറിയിൽനിന്നു ആരോ ചുമച്ചു. അതു വൃദ്ധൻെറതുപോലെയാണ് തോന്നിയതു. പരിചാരിക പുറത്തേക്കു പോയി. എൻെറ ഭാണ്ഡങ്ങൾ കെട്ടഴിക്കേണമോ എന്നു അവിടെ കാത്തുനിന്നിരുന്ന പോർട്ടർ എന്നോടു ചോദിച്ചു. മെഴുകുതിരിനാളം വീണ്ടും ഒന്നുകൂടി പ്രകാശിച്ചു. അതിൻെറ വെളിച്ചത്തിൽ മഞ്ഞവരകളുള്ള നീലചുമർ കടലാസും ഒരു തട്ടികയും ഒരു വൃത്തികെട്ട മേശയും ഒരു കൊച്ചു സോഫയും ഒരു കണ്ണാ

ടിയും, ജനലും, ആ ഇടുങ്ങിയ മുറിയും ഞാൻ നല്ല പോലെ കണ്ടു. പെട്ടന്ന ആ പഴയ ഭയം എന്നെ പിടികൂടി. "എൻറീശ്വരാ! എങ്ങിനെയാണ ഒരു രാത്രി ഞാൻ ഈ മുറിയിൽ കഴിച്ചുകൂട്ടുക?" ഞാൻ ചിന്തിച്ചു.

പോർട്ടർ മുറിയിൽനിന്ന പെട്ടെന്ന പോകാതിരിക്കുന്നതിനവേണ്ടി ഭാണ്ഡം അഴിക്കുവാൻ ഞാൻ അവനോട്ട പറഞ്ഞു. തിയ്യേററിലേക്ക പോകാൻ ഞാൻ വേഗത്തിൽ തയ്യാറാകണം. അവൻ ഭാണ്ഡമെല്ലാം അഴിച്ചു. "ഒരു നിമിഷത്തിനകം ഞാൻ തയ്യാറായി അങ്ങോട്ടു വരാമെന്ന നീ പോയി എട്ടാം നമ്പർ മുറിയിലുള്ള എൻെറ കൂടെവന്ന ആളോട്ട പറയു!." അതുകേട്ടു പോർട്ടർ പുറത്തേക്കുപോയി. ഞാൻ ധൃതിയിൽ വസ്ത്രം മാറി. ആ ചുമരുകളിലേക്ക നോക്കുവാൻ എനിയ്ക്കു ഭയംതോന്നി. "എന്തസംബന്ധമാണിതു്" ഞാൻ ചിന്തിച്ചു! എന്തിനേയാണ ഞാൻ ഭയപ്പെടുന്നതു്? ഒരു കുട്ടിയുടേതിനേക്കാറം മോശമാണ എൻെറ കാര്യം. പ്രേതങ്ങറം? പ്രേതങ്ങളെ പേടിക്കുകയാണ ഇതിനേക്കാറം ഭേദം. ഏതിനേക്കാറം? ഒന്നുമില്ല. എന്നെ തന്നെ—എന്തസംബന്ധങ്ങളെല്ലാമാണ ഞാൻ ചിന്തിക്കുന്നതു്!

ഞാൻ പശയിട്ടു് ഇസ്ത്രിയിട്ട ഒരു കുപ്പായം

ധരിച്ചു. കൈക്കട്ടുകളെല്ലാം കൂട്ടി എൻെറ കോട്ടു ഇട്ടു, ഒരു പുതിയ ജോഡി ഷൂസും ധരിച്ചു കൂട്ടുകാരൻെറ മുറിയിലേക്കു ചെന്നു. അദ്ദേഹം തയ്യാറായിക്കഴിഞ്ഞിരുന്നു. അങ്ങിനെ ഞങ്ങൾ നാടകം കാണാൻ പുറപ്പെട്ടു. എൻെറ കൂട്ടുകാരൻ മുടി ചീകി ശരിയാക്കുവാൻ ഒരു കടയിലേക്കു കയറി. മുടി ഒന്നു വെട്ടിക്കുവാൻ ഞാൻ ഒരു ഫ്രഞ്ചു ഹെയർ ഡ്രസ്സറുടെ അടുക്കലേക്കും പോയി. അതുകഴിഞ്ഞു ഒരു ജോഡി കയ്യുറകൾ വാങ്ങി. കാര്യങ്ങളെല്ലാം ഭംഗിയിൽ പോകുന്നുണ്ട്. എൻെറ മുറിയെപ്പററിയും അതിനെ രണ്ടായി വേർതിരിക്കുന്ന ആ തട്ടികയെപ്പററിയും എല്ലാം ഞാൻ വിസ്മരിച്ചു.

നാടകം കാണൽ തികച്ചും രസകരമായിരുന്നു. അതു കഴിഞ്ഞപ്പോൾ എൻെറ കൂട്ടുകാരൻ ജന്മി അത്താഴം കഴിക്കണമെന്നു നിർദ്ദേശിച്ചു. എനിയ്ക്കിതു പതിവില്ലാത്തതാണെങ്കിലും ഞങ്ങൾ തിയേററിൽ നിന്നു വരികയായിരുന്നതു കൊണ്ടും, എൻെറ മുറിയെപ്പററി പെട്ടെന്നു ഓർത്തുപോയതുകൊണ്ടും ഞാനങ്ങു സമ്മതിച്ചു.

ഇതെല്ലാം കഴിഞ്ഞു രാത്രി ഒരു മണിയ്ക്കു ഞങ്ങൾ മടങ്ങിയെത്തി. ഞാൻ രണ്ടുഗ്ലാസ്സു വീഞ്ഞു കുടിച്ചിരുന്നു. പക്ഷെ അതുകൊണ്ടു തകരാറൊന്നുമുണ്ടായിരുന്നില്ല. ഹോട്ടലിൻെറ ഇടനാഴി

കയിലെ മങ്ങിയ വെളിച്ചത്തിലെത്തിയപ്പോഠം ഒരു ഭീതി എൻെറ സിരാതന്തുക്കളിൽ പെട്ടെന്നു അരിച്ചു കയറി. പക്ഷെ ഞാൻ തികച്ചും നിസ്സഹായനാണ്. എൻെറ കൂട്ടുകാരനോടു യാത്രപറഞ്ഞു് ഹസ്തദാനം ചെയ്തു ഞാൻ എൻെറ മുറിയിലേക്കു പോന്നു.

അതെനിയ്ക്കു ഭയാനകമായ ഒരു രാത്രിയായിരുന്നു. ആദ്യം ആർസമാ.ഡിൽ വെച്ചുണ്ടായതിനേക്കാഠം ഭയങ്കരമായ അനുഭവം. രാവിലെ അടുത്ത മുറിയിലെ വൃദ്ധൻ കരകരുന്നതു കേട്ടപ്പോഴാണു എനിയ്ക്കു ഉറക്കം വന്നു തുടങ്ങിയതു്. അതും സോഫയിൽ കിടന്നു്. രാത്രി മുഴുവൻ ഞാനനുഭവിച്ച മനഃക്ലേശം! ആത്മാവിനെ ശരീരത്തിൽ പറിച്ചെടുക്കുന്ന അനുഭവം. ഞാൻ ജീവിച്ചിരിക്കുന്നുണ്ടു്. ഞാൻ ജീവിച്ചേ മതിയാകൂ; പെട്ടെന്നു്—മരണം. എല്ലാററിൻെറയും നാശം. പിന്നെ ജീവിതം എന്താണു? അതുകൊണ്ടു മരിക്കേണമോ? എന്തുകൊണ്ടു ഉടൻ ഞാൻ എന്നെതന്നെ കൊല്ലുന്നില്ല? എനിയ്ക്കു ഭയം തോന്നുന്നു. മരണം വരുന്നതുവരെ ഞാൻ കാത്തിരിക്കേണമെന്നോ? എൻെറ ഭയം വർദ്ധിക്കുകയാണു്. ജീവിക്കണം-എന്തിനു്? മരിക്കുന്നതിനു വേണ്ടിയോ? എനിയ്ക്കു ഈ ചിന്തകളുടെ ദൂഷിതവലയത്തിൽ നിന്നു രക്ഷനേടുവാൻ കഴിയുന്നില്ല. ഞാൻ ഒരു പുസ്തകമെടു

ത്തു വായിച്ചു. ഒരു നിമിഷനേരത്തേക്കു ഒരു വിസ്മൃതി. പിന്നെയും ഭീതി പത്തിയുയൎത്തുന്നു. ഞാൻ കിടക്കയിൽ കിടന്നു കണ്ണുകൾ പൊത്തി—അപ്പോൾ ഭയം വർദ്ധിച്ചതേയുള്ളു.

ദൈവമാണു ഇതു ചെയ്യുന്നതു്. എന്തിനുവേണ്ടി? അതൊന്നും ചോദ്യംചെയ്യാതെ പ്രാൎത്ഥിക്കണമെന്നാണു അവൻ പറയുന്നതു് ശരി. ഞാൻ പ്രാൎത്ഥിച്ചു. ആർസമാസിൽ വെച്ചു പ്രാൎത്ഥിച്ചതു പോലെ ഞാൻ പ്രാൎത്ഥിച്ചു. പക്ഷെ അന്നു ഒരു കുട്ടിയെപ്പോലെയാണു ഞാൻ പ്രാൎത്ഥിച്ചിരുന്നതു്. ഇപ്പോഴത്തെ പ്രാൎത്ഥനയ്ക്കു ഒരു അൎത്ഥമുണ്ടായിരുന്നു. "നീ ഉള്ളവനാണെങ്കിൽ ഞാൻ എന്തിനാണെന്നും എന്താണെന്നും എന്നോടു പറയുക" ഞാൻ കുമ്പിട്ടു. എന്നിട്ടു് എനിയ്ക്കു അറിയാവുന്ന എല്ലാ പ്രാൎത്ഥനകളും ഉരുവിട്ടു. പോരാഞ്ഞിട്ടു സ്വന്തമായി ചില പ്രാർത്ഥനകൾ നിൎമ്മിക്കുകയുംചെയ്തു. "ദൈവമെ, നീ എനിക്കു വെളിവാക്കിത്തരൂ". ഇത്രയും കഴിഞ്ഞു ഞാൻ ഒരു മറുപടിക്കുവേണ്ടി കാത്തുനിന്നു. മറുപടി പറയാൻകഴിയുന്ന ആരുംഇല്ലാഞ്ഞിട്ടോ എന്തോ എനിയ്ക്കുയാതൊരുമറുപടിയും കിട്ടിയില്ല. "ഭാവിജീവിതം നയിക്കുന്നതിനുവേണ്ടി", ഞാൻ എന്നോടുതന്നെമറുപടിപറഞ്ഞു. പക്ഷെ എന്തുകൊണ്ടാണു ഈ അനിശ്ചിതത്വവും

ക്ലേശവും? ഭാവിജീവിതത്തിൽ വിശ്വസിക്കാൻ എനിയ്ക്കു കഴിയില്ല. എൻെറ മുഴുവൻ ആത്മാവും ഈ ചോദ്യം ചോദിക്കുന്നതിനു മുമ്പു, ഭാവി ജീവിതത്തിൽ വിശ്വസിച്ചിരുന്നു. പക്ഷെ ഇന്നു എനിയ്ക്കു കഴിയുന്നില്ല. തീരെ കഴിയുന്നില്ല. "നീ ശരിക്കും ഉള്ളവനായിരുന്നെങ്കിൽ എന്നോടും മനുഷ്യസമുദായത്തോടും നീ അതു പറയുമായിരുന്നു പക്ഷെ നീ ഇല്ല. നിരാശമാത്രമാണുള്ളതു്. അതെനിയ്ക്കാവശ്യമില്ല; അതെനിയ്ക്കാവശ്യമില്ല". സത്യം വെളിവാക്കിത്തരുവാൻ, എൻെറ മുമ്പിൽ പ്രത്യക്ഷപ്പെടുവാൻ ഞാൻ ദൈവത്തോടു കേണപേക്ഷിച്ചിരുന്നു. എനിയ്ക്കു കഴിയുന്നതെല്ലാം അതിനു വേണ്ടി ഞാൻ ചെയ്തുനോക്കി. പക്ഷെ ദൈവം വെളിപ്പെട്ടില്ല. പെട്ടെന്നു ഞാൻ ഓർമ്മിച്ചു. "ചോദിക്കുക. അതു നിനക്കു നല്കപ്പെടും." അങ്ങിനെ ഞാൻ ചോദിച്ചു. പക്ഷെ അങ്ങിനെ ചോദിക്കുന്നതിൽ സ്ഥിരമായ ഒരാശ്വാസവും എനിയ്ക്കു ലഭിച്ചില്ല. ഒരു പക്ഷെ ചോദിക്കുന്നതിനു പകരം ദൈവത്തെ നിഷേധിക്കുകയായിരിക്കാം ചെയ്തിരുന്നതു്." "നീ അവനിൽ നിന്നു ഒരു അംഗുലം അകന്നാൽ അവൻ നിന്നിൽ നിന്നു ഒരുനാഴിക അകലും." ഞാൻ ദൈവാസ്തിക്യത്തിൽ വിശ്വസിച്ചിരുന്നില്ല. പക്ഷെ അവനോടു ചോദ്യങ്ങൾ ചോദിച്ചിരുന്നു. എന്നിട്ടും അവൻ എനിയ്ക്കു യാതൊന്നും വെളി

പ്പെടുത്തി തരികയുണ്ടായില്ല. ഞാൻ അവനോടു വിലപേശുകയായിരുന്നു. എന്നിട്ടും ഞാൻ അവനെ അധിക്ഷേപിച്ചു. ഞാൻ അവനിൽ തെല്ലും വിശ്വസിച്ചിരുന്നില്ല.

ഒരു രാത്രികൂടി ആ മുറിയിൽ കഴിച്ചുകൂട്ടാതിരിക്കുന്നതിനുവേണ്ടി എൻെറ എല്ലാ ജോലികളും ഒരൊററദിവസംകൊണ്ടു ചെയ്തുതീൎക്കുവാൻ പിറേറ ദിവസം ഞാൻ കഴിയുന്നത്ര ശ്രമിച്ചു. പക്ഷെ എല്ലാം ചെയ്തുതീക്കാൻ കഴിഞ്ഞില്ല. എങ്കിലും പിറേറദിവസം രാത്രി ഞാൻ വീട്ടിലേക്കു മടങ്ങി. അതോടുകൂടി എൻെറ മനഃക്ലേശം അവസാനിക്കയും ചെയ്തു. ആർസമാസിക്കേള്ള യാത്രയ്ക്കുശേഷം എൻെറ ജീവിതത്തിൽ ഗണ്യമായ മാററംവന്നുകഴിഞ്ഞിരുന്നു. മോസ്കോവിൽ അന്നത്തെ രാത്രിയുണ്ടായ അനുഭവം എൻെറ ജീവിതത്തിൽ പിന്നേയും ഒരു വ്യതിയാനം വരുത്തി. ഇടയ്ക്കിടയ്ക്കു ഒരു വിരക്തി എന്നെ പിടികൂടും. ഞാൻ എൻെറ എടപാടുകളിൽ വളരെയൊന്നും ശ്രദ്ധചെലുത്താതായി. ആരോഗ്യം ക്ഷയിച്ചുതുടങ്ങി. വൈദ്യോപദേശം തേടണമെന്നു ഭാൎയ്യ കൂടെക്കൂടെ ശഠിച്ചു. ദൈവത്തെപ്പററിയും ഭക്തിയെപ്പററിയുമുള്ള എൻെറ സംസാരമെല്ലാം എൻെറ രോഗത്തിൻെറ ഫലമാണെന്നായിരുന്നു അവളുടെ അഭിപ്രായം. പക്ഷെ എൻെറ ശാരീരികമായ ദൗർബ്ബ

ല്യവും സുഖക്കേട്ടമെല്ലാം എന്റെ മനസ്സിൽ നിരന്തരമായി നടന്നുകൊണ്ടിരുന്ന സംഘട്ടനത്തിന്റെ ഫലമാണെന്നു എനിയ്ക്കു അസ്സലായറിയാം. ഈ സംഘട്ടനം മനസ്സിന്റെ അഗാധതയിൽ സൂക്ഷിക്കുവാൻ ഞാൻ കഴിവതും ശ്രമിച്ചുനോക്കി. എല്ലാ ഞായറാഴ്ചയും വിശേഷദിവസങ്ങളിലും ഞാൻ പള്ളിയിൽപോയി. പെൻ സംസ്ഥാനത്തിലെ യാത്രയ്ക്കു ശേഷം ഞാൻ വ്രതം പോലും അനുഷ്ഠിച്ചിരുന്നു. സാധാരണയിൽ കൂടുതൽ പ്രാൎത്ഥിക്കുകയും ചെയ്തു. ഇതിൽ നിന്നെല്ലാം യാതൊന്നും ഞാൻ പ്രതീക്ഷിച്ചിരുന്നില്ല. എന്റെ എസ്റ്റേററു നോക്കുന്നതിൽ ഞാൻ തികച്ചും അശ്രദ്ധനായി. അതിനുള്ള ശക്തി എനിയ്ക്കില്ലായിരുന്നു. മാസികകളും നോവലുകളുംവൎത്തമാനപ്പത്രങ്ങളും വായിക്കും. ചില്ലറ പണം വെച്ചു ചീട്ടുകളിക്കുകയും ചെയ്യും. പതിവനുസരിച്ചുള്ള നായാട്ടിനു പോകുന്നതിൽ മാത്രമാണു ഞാൻ കുറച്ചെങ്കിലും താല്പൎയ്യം കാണിച്ചിരുന്നതു. ഞാൻ ഒരു കായികവിനോദപ്രിയനായിരുന്നു. ഒരിയ്ക്കൽ നല്ലൊരു വിനോദപ്രിയനായ എന്റെ അയൽക്കാരൻ ചെന്നായനായാട്ടിനു പോകുകയായിരുന്നു. ഞാനും അയാളെ അനുഗമിച്ചു. പക്ഷെ ആ നായാട്ടു വിജയപ്രദമായിരുന്നില്ല. കാടിളക്കുന്നവരുടെ വലയം ഭേദിച്ചു ചെന്നായ്ക്കൾ ഓടിരക്ഷപ്പെട്ടുകളഞ്ഞു. ദൂരെ നിന്നു

തന്നെ എനിയ്ക്കുതു മനസ്സിലായി. തന്മൂലം ഒരു മുയൽ പോയ വഴിനോക്കി ഞാൻ കാട്ടിനുള്ളിലേക്കു നടന്നു. നടന്നുനടന്നു കാട്ടിൽ ഒരു വെളിപ്രദേശത്തെത്തി. അവിടെവെച്ചു മുയലിനെ കണ്ടെങ്കിലും അതു പെട്ടെന്നു ഓടിരക്ഷപ്പെട്ടുകളഞ്ഞു. കാട്ടിൽ കൂടി ഞാൻ തിരിഞ്ഞു നടന്നു. ധാരാളം മഞ്ഞു വീണു കിടന്നിരുന്നതുകൊണ്ടും വൃക്ഷങ്ങളുടെ കൊമ്പുകളുംമററും ചുററിപ്പടൎന്നു കിടന്നിരുന്നതുകൊണ്ടും എന്റെ യാത്രകൂടുതൽകൂടുതൽ ക്ലേശകരമായിത്തീൎന്നു. "ഞാൻ എവിടെയാണു?" ഞാൻ സ്വയം ചോദിച്ചു പോയി. മഞ്ഞു വീണതിൻെറ ഫലമായി എല്ലാം പാടെ മാറിപ്പോയിരുന്നു.

ദിക്‌ഭ്രമം സംഭവിച്ചു കാട്ടിൽപെട്ടു പോയതായി പെട്ടെന്നു എനിയ്ക്കു ഒരു തോന്നൽ. എൻെറ വീടു വളരെ വിദൂരതയിലാണു്. അതുപോലെതന്നെ നായാട്ടിനു വന്ന കൂട്ടുകാരും. ഒരു ശബ്ദംപോലും കേൾക്കുന്നില്ല. ക്ഷീണിച്ച ഞാൻ വിയൎത്തു തുടങ്ങി. ഞാൻ അവിടെ അങ്ങിനെ നില്ക്കുകയാണെങ്കിൽ മരവിച്ചുപോകും. യാത്രതുടരുകയാണെങ്കിൽ ശേഷിച്ച ശക്തിയും നഷ്ടപ്പെടും. ഞാൻ ഒച്ചയിടുവാൻ തുടങ്ങി. യാതൊരു ശബ്ദവുമില്ല. ഒരു മറുപടിയുമില്ല. ഞാൻ വീണ്ടും പിന്തിരിഞ്ഞു നോക്കി. പക്ഷെ വഴികാണുന്നില്ല. ചുററും ഇടതൂൎന്നു വളൎന്നു നിൽക്കു

ന്ന കാട്ടുകൾ മാത്രം. ദിക്കുകൾ തിരിയുന്നില്ല. ഞാൻ പിന്നേയും പിന്തിരിഞ്ഞു നടന്നു. കാലുകൾ കുഴയുകയാണു. ഞാൻ ഭയവിഹ്വലനായിത്തീൎന്നു. ആർസമാസിലും മോസ്സോവിലും വെച്ചു എനിയ്ക്കനുഭവപ്പെട്ട ഭയം പതിന്മടങ്ങു ഭീകരതയോടുകൂടി എന്നെ പിടികൂടി. എൻെറ ഹൃദയം വേഗതയിൽ മിടിക്കുവാനും കൈകാലുകൾ വിറക്കുവാനുംതുടങ്ങി ഇതു മരണമാണോ? ഞാൻ മരിക്കുവാനാഗ്രഹിക്കുന്നില്ല. എന്തിനാണു മരണം? എന്താണു മരണം? ഞാൻ പഴയപടി ചോദിക്കുവാൻ തുടങ്ങി. അങ്ങിനെ ദൈവത്തെ കുററപ്പെട്ടുത്താനും. പക്ഷെ പെട്ടെന്നൊരു ബോധോദയം ദൈവവുമായി അങ്ങിനെ വിലപേശുവാൻ പാടില്ല. ഞാൻ എന്നെത്തന്നെയാണു വാസ്തവത്തിൽ കുററപ്പെട്ടുത്തേണ്ടതു്. ഞാൻ ദൈവത്തോടു പ്രാൎത്ഥിച്ചു. ദൈവത്തോടു പൊറുതിചോദിച്ചു. അതോടുകൂടി ഞാൻ എന്നെത്തന്നെ നിന്ദിക്കുകയും ചെയ്തു.

എൻെറ ഈ ഭീതി ഏറെനേരം നീണ്ടുനിന്നില്ല. ഞാൻ കുറച്ചുനേരം നടന്നപ്പോൾ കാട്ടിൽനിന്നു പുറത്തേക്കു ഒരു വഴികണ്ടു. ഞാൻ കാടിൻെറ അധികം ഉള്ളിലേക്കു പോന്നിട്ടില്ലെന്നു മനസ്സിലായി അങ്ങിനെ നടന്നു റോഡിലെത്തിച്ചേൎന്നു എൻെറ കൈകാലുകൾ അപ്പോഴും വിറക്കുകയും ഹൃദ

യം ശക്തിയായി മിടിക്കുകയും ചെയ്തിരുന്നു. എങ്കിലും എനിയ്ക്കു ആഹ്ലാദമാണുണ്ടായതു. ഞാൻ മററു നായാട്ടുകാരുടെ അടുക്കലെത്തി. അവരോടൊന്നിച്ചു വീട്ടിലേക്കു മടങ്ങിപ്പോരുകയും ചെയ്തു. എന്നിൽ എന്തോ ഒരു സന്തോഷം കുടികൊള്ളുന്നുണ്ടെന്നു എനിയ്ക്കു മനസ്സിലായി. ഏകനായിരിക്കുമ്പോൾ അതെപ്പററി അപഗ്രഥിച്ചു മനസ്സിലാക്കണം. അതാണു യഥാൎത്ഥത്തിൽ സംഭവിച്ചതു്. ഞാൻ എന്റെ വായനമുറിയിൽ ഏകനായിരുന്നു പ്രാൎത്ഥിച്ചു. ഞാൻ ചെയ്തിട്ടുള്ള പാപങ്ങൾക്കു ദൈവത്തോടു പൊറുതി ചോദിച്ചു. വളരെയൊന്നും പാപങ്ങൾ ഞാൻ ചെയ്തിട്ടില്ല. പക്ഷെ ഉള്ളവയെല്ലാം ഞാൻ ഓൎത്തു. അവയെല്ലാം തികച്ചും അരോചകങ്ങളായി എനിയ്ക്കു തോന്നി.

*    *    *    *    *

അന്നുമുതൽ ഞാൻ വേദഗ്രന്ഥങ്ങൾ പാരായണം ചെയ്യുവാൻ തുടങ്ങി. പഴയവേദം മുഴുവൻ മനസ്സിലായില്ലെങ്കിലും അതെനിക്കു ആശ്വാസമരുളുന്നതായി തോന്നി. വിശുദ്ധോപദേശങ്ങൾ എന്റെ മനം കവൎന്നു. പക്ഷെ പുണ്യവാളന്മാരുടെ ജീവിതചൎയ്യകളാണു ഞാൻ അധികവും വായിച്ചതു. ഇതെനിക്കു മനഃശാന്തി നൽകിയെന്നുമാത്രമല്ല അനുകരിക്കുവാൻ കഴിയുന്ന മാതൃകകൾ എന്റെ

മുമ്പിൽ അണിനിരത്തുകയും ചെയ്തു. അതിനുശേഷം ഞാൻ എൻെറ എസ്റ്റേററു കാര്യ്യങ്ങളിലും കുടുംബ കാര്യ്യങ്ങളിലും തെല്ലും ശ്രദ്ധിക്കാത്ത മട്ടായി. അത്തരം കാര്യങ്ങൾ എൻെറ മനം മടുപ്പിക്കുകപോലും ചെയ്തു. എനിയ്ക്കാവശ്യമുള്ളതു ഇവയൊന്നുമല്ലെന്ന ഒരു തോന്നൽ.

ഞങ്ങളുടെ വീടിനു വളരെ അകലെയല്ലാത്ത ഒരു എസ്റ്റേററു വില്ക്കുവാനുണ്ടെന്നു ഞാനറിഞ്ഞു. അതൊന്നു നോക്കിക്കാണുവാൻ ഒരു ദിവസം ഞാൻ അവിടെപോയി. തീർച്ചയായും നല്ലൊരു എസ്റ്റേററായിരുന്നു അതു്. വിലയും ആദായം. അവിടുത്തെ കൃഷിക്കാർക്കു് അവരുടെ കന്നുകാലികളെ മേയ്ക്കുവാൻ കഴിയണമെങ്കിൽ എസ്റ്റേററു ഉടമസ്ഥൻെറ പാടത്തു വേലയെടുത്തു കൊടുത്തേ പററൂ. അവർക്കു സ്വന്തമായ കൃഷിസ്ഥലങ്ങളില്ല. ഇതാണു അതിൻെറ ഏററവും ആദായകരമായ വശം. അതെല്ലാം ഞാൻ കണക്കുകൂട്ടി മനസ്സിലാക്കി. ഇത്തരം കാര്യ്യങ്ങളിൽ എനിയ്ക്കു സാധാരണ തോന്നാറുള്ള സന്തോഷം തോന്നുകയും ചെയ്തു. അങ്ങിനെ വീട്ടിലേക്കു മടങ്ങുമ്പോൾ ഒരു വൃദ്ധസ്ത്രീയെ കണ്ടുമുട്ടി. വഴി ചോദിച്ചറിഞ്ഞ അവരോടു, കുറച്ചു വർത്തമാനം പറയാനിടയായി. അവർ അവളുടെ ദാരിദ്ര്യത്തെപ്പററിയും മററും എന്നോടു പറഞ്ഞു. വീട്ടിൽ മടങ്ങിയെത്തി ആ

എസ്റ്റേററ് വാങ്ങുന്നതിൻെറ ലാഭവശങ്ങളെപ്പററി ഭാര്യയോടു പറയുമ്പോഠം ഞാൻ സ്വയം ലജ്ജിത നായിപ്പോയി. ഒരു മനംമടുപ്പ്. എനിയ്ക്കു ആ എ സ്റ്റേററു വാങ്ങാൻ കഴിയില്ലെന്നു ഭാര്യയോടു പറ ഞ്ഞു. എന്തുകൊണ്ടെന്നാൽ മററുള്ളവരുടെ ദാരി ദ്ര്യത്തിൽ നിന്നും ദുരിതങ്ങളിൽ നിന്നുമാണു നമു ക്കു ആദായം ലഭിക്കുന്നതു. ഞാൻ ഇതു പറഞ്ഞ പ്പോഠം പെട്ടെന്നു ഞാൻ ആ പറഞ്ഞ വാക്കുകളുടെ യഥാർത്ഥ പൊരുഠം എനിയ്ക്കു തന്നെ വ്യക്തമായി. കൃഷകരും നമ്മെപ്പോലെ മനുഷ്യരാണു്. അവരും ജീ വിക്കുവാനാഗ്രഹിക്കുന്നു. വേദോപദേശങ്ങളിൽ പറ ഞ്ഞിരിക്കുന്നതു പോലെ അവരും പിതാവിൻെറ സന്തതികളാണു്. ഈ ബോധോദയം ഉണ്ടായതോ ടുകൂടി എന്നെ വേദനിപ്പിച്ചു കൊണ്ടിരുന്ന എ ന്തോ ഒന്നു എന്നിൽ നിന്നു പറിച്ചെടുത്ത ഒരനു ഭവം. ഭാര്യ എന്നെ ശകാരിച്ചു. പക്ഷെ ഞാൻ തികച്ചും സന്തോഷഭരിതനായിരുന്നു.

ഇതാണു എൻെറ ഭ്രാന്തിൻെറ ആരംഭം. പ ക്ഷെ മുഴുഭ്രാന്തായിത്തീന്നതു പിന്നീടു ഉദ്ദേശം ഒരു മാസം കഴിഞ്ഞപ്പോഴാണു്. ഞാൻ പള്ളിയിൽ കുർ ബാനയിൽ പങ്കുകൊള്ളുകയായിരുന്നു. പ്രാർത്ഥന കേട്ടുകൊണ്ടിരുന്ന എൻെറ മനസ്സിളകി. അങ്ങിനെ നില്ക്കുമ്പോഠം എനിയ്ക്കു വിശുദ്ധ അപ്പം നല്കപ്പെട്ടു.

ഞങ്ങൾ കുരിശ്ശു ചുംബിക്കുവാൻ നീങ്ങിയപ്പോൾ കുറച്ചു തിക്കുംതിരക്കുമുണ്ടായി. അപ്പോൾ പള്ളിയുടെ പടിക്കൽ കുറച്ചു ഭിക്ഷക്കാർ നിന്നിരുന്നു. പെട്ടെന്നു എനിയ്ക്കൊരു തോന്നൽ. ഇതൊന്നും പാടില്ലായിരുന്നുവെന്നു്. ഈ ഒരു ബോധോദയമാണു എന്നെ ഈ മട്ടിലാക്കിമാററിയതു്. ഭീതിയും മരണ[illegible]ം ഇല്ലെങ്കിൽ തീർച്ചയായും അതു് എന്നിലും സ്ഥി[illegible] ചെയ്യുന്നില്ല. അപ്പോൾ എൻെറ കൈവശമുണ്ടായിരുന്ന മുപ്പത്തഞ്ചു രൂബിൾ പടിക്കൽ നിന്നിരുന്ന ഭിക്ഷക്കാർക്കു കൊടുത്തശേഷം ഞാൻ മററുള്ളവരുമായി വർത്തമാനംപറഞ്ഞു വീട്ടിലേക്കു മടങ്ങി............

965

വിശ്വസാഹിത്യ ഗ്രന്ഥാവലി No: 2.

C. V. SMARAKA ...
THEKKUMKARA ...

# ഭ്രാന്തന്റെ ഡയറി

ലിയോ ടോൾസ്റ്റോയ്

പരിഭാഷ: എൻ. എ. കരിം. ബി. എ.

NATIONAL BOOK STALL
2 AUG 1965

Indic Digital Archive Foundation
gpura.org